
03
2022
മാർച്ച്
വ്യാഴം
കുംഭം 19

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 249 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-249 | പേജ് 4. വില 2.00 രൂപ

02 യുക്രെയ്നിൽ മരണം രണ്ടായിരം കടന്നു
03 കൊവിഡിന് ശേഷം ഇലക്ട്രോണിക് മേഖലയിൽ പുതിയ അവസരങ്ങൾ സൃഷ്ടിച്ചു: കേന്ദ്രമന്ത്രി
04 ഭക്ഷണമില്ല! ആറു ദിവസമായി ബങ്കറിൽ, തിങ്ങിനിറഞ്ഞ് 600 പേർ

# മലയാളികളെ സുരക്ഷിതമായി എത്തിക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: ഉക്രെയ്നിൽ അകപ്പെട്ട വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരെ അടുത്ത ദിവസം തന്നെ തിരികെ എത്തിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ഉക്രെയ്നിലെ ഇന്ത്യൻ എംബസിയുടെയും വിദേശകാര്യവകുപ്പിന്റെയും നോർക്ക റൂട്ട്സിന്റെയും ഒക്കെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി ഇതിനകം 184 മലയാളി വിദ്യാർത്ഥികളെ തിരിച്ചെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യയിൽ തിരിച്ചെത്തുന്നവരെ ഡൽഹിയിലും മുംബൈയിലും സ്വീകരിക്കാനും അവിടെ നിന്നും സൗജന്യമായി നാട്ടിലെത്തിക്കാനും എല്ലാ സൗകര്യവും സംസ്ഥാന സർക്കാർ ഒരുക്കിയിട്ടുണ്ട്. ഇവരെ നാട്ടിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് കേരള ഹൗസിൽ സെക്രട്ടേറിയറ്റിൽ നിന്ന് പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്. കേരള ഹൗസ് പ്രോട്ടോക്കോൾ ഓഫീസറായി സെക്രട്ടറിയറ്റിലെ ജോയിന്റ് സെക്രട്ടറിയെ നിയമിച്ച് ലെയ്സൺ ഓഫീസറുടെ ചുമതലയും നൽകി.

കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളടക്കം പതിനായിരക്കണക്കിന് ഇന്ത്യക്കാരാണ് ഉക്രെയ്നിലുള്ളത്. അവരുടെ സുരക്ഷ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട എല്ലാവരും രാപകൽ ഇല്ലാതെ പരിശ്രമിച്ചു വരികയാണ്. ഈ ഘട്ടത്തിൽ ഔദ്യോഗിക അറിയിപ്പുകളെ മാത്രം ആശ്രയിക്കണം. പരിഭ്രാന്തി പടർത്താതെ ചുറ്റുമുള്ളവർക്ക് പ്രതീക്ഷ നൽകാനും കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. ഈ ഘട്ടത്തിൽ മലയാളി വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും വലിയ ആശങ്കയിലാണ്. അവിടെ അകപ്പെട്ടിരിക്കുന്ന കുട്ടികൾക്കും അവരുടെ ഉറ്റവർക്കും ധൈര്യം പകരാൻ കഴിയണം. നാം പകർന്നു നൽകുന്ന കരുത്ത് തീർച്ചയായും അവരെ സംബന്ധിച്ച് ഇപ്പോൾ വളരെ വിലപ്പെട്ടതാണ്. പരമാവധി സംയമനത്തോടെ ഈ ഘട്ടത്തെ അഭിമുഖീകരിക്കുക എന്നതാണ് നാമോരോരുത്തരും ഇപ്പോൾ ചെയ്യേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇനിയും റജിസ്റ്റർ ചെയ്തിട്ടില്ലാത്തവർ ഘസൃമശില്യലഴശൃേമശേീി.ിീൃസമൃീീേ.ീൃഴ എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം. നോർക്ക റൂട്ട്സിന്റെ 1 800 425 3939 എന്ന നമ്പരിൽ എപ്പോഴും ബന്ധപ്പെടാം. 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിക്കുണ്ട്. അവിടെ ലഭിക്കുന്ന വിവരങ്ങൾ അപ്പപ്പോൾ തന്നെ വിദേശകാര്യ വകുപ്പിനെയും യുക്രൈയിനിലെ ഇന്ത്യൻ എംബസിയെയും അറിയിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ഉക്രെയ്നിൽ കൊല്ലപ്പെട്ട മെഡിക്കൽ വിദ്യാർത്ഥിയായ കർണാടക സ്വദേശി നവീൻ കൊല്ലപ്പെട്ടത് ദൗർഭാഗ്യകരമാണെന്ന് മുഖ്യമന്ത്രി അനുശോചനസന്ദേശത്തിൽ പറഞ്ഞു.

# തീരദേശ ജനതയ്ക്ക് എല്ലാ മേഖലയിലും നേട്ടം കൈവരിക്കാൻ കഴിഞ്ഞു

കോവളം: ദൈനംദിന ജീവിതത്തിൽ തിരമാലകൾ ഭേദിച്ച് മുന്നേറുന്ന തീരദേശ ജനതയ്ക്ക് എല്ലാ മേഖലയിലും നേട്ടം കൈവരിക്കാൻ കഴിഞ്ഞതായും ഏത് പ്രതികൂല സാഹചര്യത്തെയും അതിജീവിക്കാൻ കരുത്തുള്ള നമ്മൾ ആരുടെയും പിന്നിൽ നിൽക്കേണ്ടവരല്ലെന്നും ഗതാഗത വകുപ്പ്മന്ത്രി ആന്റണിരാജു.

വിദ്യാഭ്യാസ വളർച്ചയിൽ പിന്നോട്ടായിരുന്ന തീരദേശജനത പഠനത്തിന്റെ പ്രയോജനങ്ങളും നേട്ടങ്ങളും മനസിലാക്കി ഇപ്പോൾ വിദ്യാഭ്യാസ, കായിക രംഗത്ത് ഏറെ മുന്നിലാണെന്നും മന്ത്രി പറഞ്ഞു.പുല്ലുവിള ലിയോ തേർട്ടീന്ത് ഹയർ സെക്കൻഡറി സ്കൂൾ സംഘടിപ്പിച്ച പുല്ലുവിളയിലെ കായിക വിഭ്യാഭ്യാസ പ്രതിഭകളെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സ്കൂൾ മാനേജർ റവ.ഫാദർ ക്രിസ്റ്റൽ റൊസാരിയോ അദ്ധ്യക്ഷത വഹിച്ചു. എം എൽ എ എം. വിൻസന്റ്, സ്കൂൾ പ്രിൻസിപ്പാൾ ആന്റണി മൊറായിസ്, ഹെഡ്മിസ്ട്രസ് പ്രമീള ഫർഗോഡ്, പി ടി എ പ്രസിഡന്റ് വിൻസെന്റ് ജോർജ്, എന്നിവർ സംസാരിച്ചും 2021 ടോക്കിയോ ഒളിബിക്സിൽ പങ്കെടുത്ത അലക്സ് ആന്റണി, ദേശീയ പുരസ്കാര ജേതാവ് റവ:സിസ്റ്റർ മെർളിൻ തോമസ്, മെഡിക്കൽ റാങ്ക് ജേതാവ് ഡോ. ക്രിസ്റ്റി, കായിക പരിശീലകൻ ക്ലിന്റൻ ക്ലീറ്റസ്, സീനിയർ ടെന്നീസ് വോളി ബോൾ ക്യാപ്റ്റൻ ജിജോ ജോൺ, കേരള ബ്ലാസേറ്റ്സ് ബിജോയി, ദേശീയ റഗ്ബി ടീം താരങ്ങളായ രേഷ്മ മൈക്കിൾ, റോഷ്നി, ബിരുദ റാങ്ക് ജേതാവ് ഹെലൻസി ലൂയിസ് എന്നിവരെ ചടങ്ങിൽ ആദരിച്ച് ഉപഹാരങ്ങൾ നൽകി.



മന്ത്രി ആന്റണി രാജു നില വിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.

# നവീൻ കൊല്ലപ്പെട്ടത് ഭക്ഷണം വാങ്ങാൻ ക്യൂ നിൽക്കുന്നതിനിടെ

ന്യൂഡൽഹി: യുക്രെയ്നിൽ റഷ്യൻ സേന നടത്തിയ ഷെല്ലാക്രമണത്തിൽ ഇന്ത്യക്കാരനായ വിദ്യാർഥി കൊല്ലപ്പെട്ടത് കടയിൽ ഭക്ഷണം വാങ്ങാൻ വരിനിൽക്കുന്നതിനിടെ. കർണാടകയിലെ ഹവേരി സ്വദേശി നവീൻ ശേഖരപ്പ ജ്ഞാനഗൗഡർ (21) ആണ് കൊല്ലപ്പെട്ടത്.

ബങ്കറിൽനിന്നും പുറത്തുപോകുന്നതിനു മുൻപ് നവീൻ പിതാവ് ശേഖർ ഗൗഡയുമായി സംസാരിച്ചിരുന്നു. കർണാടകയിൽ നിന്നുള്ള മറ്റ് ചിലർക്കൊപ്പം താൻ ഒളിച്ചിരിക്കുന്ന ബങ്കറിൽ ഭക്ഷണവും വെള്ളവും തീർന്നുപോയെന്ന് നവീൻ പിതാവിനോട് പറഞ്ഞു. ഭക്ഷണം വാങ്ങാൻ പുറത്തുപോകുകയാണെന്നും നവീൻ പിതാവിനെ അറിയിച്ചിരുന്നു.

കർക്കീവിലെ നാഷണൽ മെഡിക്കൽ യൂണിവേഴ്സിറ്റിയിലെ അവസാന വർഷവിദ്യാർഥിയാണ് നവീൻ. കഴിഞ്ഞ ദിവസം റഷ്യ തകർത്ത സർക്കാർ കെട്ടിടത്തിന് സമീപമായിരുന്നു നവീൻ താമസിച്ചിരുന്നത്. ഗവർണറുടെ വീടിനു നേർക്കാണ് ആക്രമണം ഉണ്ടായത്. ഈ സ്ഫോടനത്തിലാണ് നവീൻ കൊല്ലപ്പെട്ടത്. യുക്രെയ്ൻ സമയം 10.30 ന് ആയിരുന്നു നവീൻ കൊല്ലപ്പെട്ടത്.



ബങ്കറുകളിൽനിന്നു പുറത്തിറങ്ങരുതെന്നു തുടർച്ചയായ നിർദേശം യുക്രെയിൻ സേനയും ഇന്ത്യൻ എംബസിയും വിദ്യാർഥികൾക്കു നൽകിയിരുന്നു. എന്നാൽ, ഭക്ഷണവും വെള്ളവും തീർന്നതോടെ പല വിദ്യാർഥികളും പുറത്തിറങ്ങാൻ ശ്രമിക്കുകയും മറ്റു സ്ഥലങ്ങളിലേക്കു നീങ്ങാൻ ശ്രമിക്കുകയുമൊക്കെ ചെയ്യുന്നതായുള്ള റിപ്പോർട്ടുകളും പുറത്തുവന്നിരുന്നു.

നാലു കേന്ദ്രമന്ത്രിമാർ അടക്കം ഇന്ത്യക്കാരെ രക്ഷിക്കാനുള്ള ദൗത്യങ്ങളുമായി ബന്ധപ്പെട്ടു യുക്രെയിനിൻറെ അതിർത്തി രാജ്യങ്ങളിൽ എത്തുന്നുണ്ട്.

ഒരു ഇന്ത്യൻ വിദ്യാർഥി മരിച്ച വാർത്ത പുറത്തുവന്നത് അവിടെ കുടുങ്ങിക്കിടക്കുന്ന വിദ്യാർഥികളുടെയും പൗരന്മാരുടെയും കുടുംബങ്ങളിൽ ആശങ്കയായിട്ടുണ്ട്. യുദ്ധം ആറാം ദിവസത്തിലേക്കു കടന്നതോടെ കൂടുതൽ ആശങ്കാജനകമായ വാർത്തകളാണ് യുക്രെയിനിൽ നിന്നു വന്നുകൊണ്ടിരിക്കുന്നത്.

തലസ്ഥാനമായ കീവിലുള്ളവർ എത്രയും വേഗം പടിഞ്ഞാറൻ മേഖലകളിലേക്കു മാറണമെന്ന് ഇന്ത്യൻ എംബസിയുടെ അറിയിപ്പും ഇന്നു വന്നിരുന്നു. ഇതോടെ പലേടത്തും ബങ്കറുകളിൽ കഴിയുന്നവർ ഭക്ഷണവും വെള്ളവും കിട്ടാതെ വിഷമിക്കുന്നുമുണ്ട്.

## നവീൻെറ മരണത്തിൽ അനുശോചിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: യുക്രെയ്നിൽ റഷ്യൻ ഷെല്ലാക്രമണത്തിൽ വിദ്യാർഥി മരിച്ച സംഭവത്തിൽ അനുശോചനം അറിയിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. നവീൻ കൊല്ലപ്പെട്ടത് ദൗർഭാഗ്യകരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഈ ഘട്ടത്തിൽ ഔദ്യോഗിക അറിയിപ്പുകളെ മാത്രം ആശ്രയിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

പരമാവധി സംയമനത്തോടെ ഈ ഘട്ടത്തെ അഭിമുഖീകരിക്കുക എന്നതാണ് നാമോരോരുത്തരും ഇപ്പോൾ ചെയ്യേണ്ടത്. കേരളത്തിൽ നിന്നുള്ള വിദ്യാർഥികളടക്കം പതിനായിരക്കണക്കിന് ഇന്ത്യക്കാരാണ് യുക്രൈയിനിലുള്ളത്. അവരുടെ സുരക്ഷ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട എല്ലാവരും രാപകൽ ഇല്ലാതെ പരിശ്രമിച്ചു വരികയാണ്. തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ എല്ലാവരെയും സുരക്ഷിതമായി തിരികെ എത്തിക്കാനാണ് ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഇന്ത്യയിൽ തിരിച്ചെത്തുന്നവരെ ഡൽഹിയിലും മുംബൈയിലും സ്വീകരിക്കാനും അവിടെ നിന്നും സൗജന്യമായി നാട്ടിലെത്തിക്കാനും എല്ലാ സൗകര്യവും സംസ്ഥാന സർക്കാർ ഒരുക്കിയിട്ടുണ്ട്. ഇവരെ നാട്ടിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് കേരള ഹൗസിൽ സെക്രട്ടേറിയറ്റിൽ നിന്ന് പ്രത്യേകസംഘത്തെ നിയോഗിച്ചിട്ടുണ്ട്.

കേരള ഹൗസ് പ്രോട്ടോക്കോൾ ഓഫീസറായി സെക്രട്ടറിയറ്റിലെ ജോയിന്റ് സെക്രട്ടറിയെ നിയമിച്ച് ലെയ്സൺ ഓഫീസറുടെ ചുമതലയും നൽകി. ഇനിയും റജിസ്റ്റർ ചെയ്തിട്ടില്ലാത്തവർ u-kr-a-in-er-e-g-i-str-a-tion.nor-k-aroo-ts.or-g എന്ന ലിങ്കിൽ രെജിസ്റ്റർ ചെയ്യണം.

# ഇടതുമുന്നണി വിപുലീകരണമില്ല, ലീഗുമായി കൂട്ടില്ല: കോടിയേരി

കൊച്ചി: ഇടതുമുന്നണി വിപുലീകരിക്കേണ്ട സാഹചര്യം നിലവിലില്ലെന്നും മുന്നണിയിലേക്കു കൊണ്ടുവരാൻ പറ്റിയ കക്ഷികൾ ഇല്ലെന്നും സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. മുസ് ലിം ലീഗുമായി ഒരു കൂട്ടുകെട്ട് ആഗ്രഹിക്കുന്നില്ല. അതേസമയം സമസ്തയുമായി സഹകരിക്കുന്നതിൽ വൈമനസ്യം ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

സിപിഎം സംസ്ഥാന സമ്മേളനത്തിൻറെ ആദ്യദിനത്തിൽ പ്രവർത്തന റിപ്പോർട്ട് അവതരണത്തിനു ശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു കോടിയേരി. മുന്നണി വിപുലീകരണത്തിലുപരി പാർട്ടി അംഗങ്ങളുടെ എണ്ണം കൂട്ടുകയാണ് അടുത്ത ലക്ഷ്യം.

ഐഎൻഎൽ ഇപ്പോൾ മുന്നണിയുടെ ഭാഗമാണ്. ആ പാർട്ടിക്കുള്ളിലെ ആഭ്യന്തരപ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയും അടി തുടരുകയും എൽഡിഎഫിന് കോട്ടം തട്ടുകയും ചെയ്യുന്ന പക്ഷം പുറത്താക്കും.

ബിജെപിയെ ഒറ്റപ്പെടുത്തുക, യുഡിഎഫിനെ പരമാവധി ദുർബലപ്പെടുത്തുക എന്നതായിരുന്നു തൃശൂരിൽ നടന്ന കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിൽ എടുത്ത തീരുമാനം. ആ രാഷ്ട്രീയലക്ഷ്യം കൈവരിക്കുന്നതിൽ സിപിഎം വിജയംകണ്ടെന്നും കോടിയേരി പറഞ്ഞു.

# കീവിലെ ടിവി ടവർ തകർത്ത് റഷ്യ; ചാനലുകൾ സംപ്രേക്ഷണം നിർത്തി

കീവ്: യുക്രെയ്ൻ തലസ്ഥാനമായ കീവിലെ ടിവി ടവർ തകർത്ത് റഷ്യ. ഇതോടെ യുക്രെയ്ൻ ടിവി ചാനലുകൾക്ക് സംപ്രേക്ഷണം നിർത്തിവയ്ക്കേണ്ടിവന്നു. കീവിലെ സെക്യൂരിറ്റി സർവീസ് ഹെഡ്ക്വാർട്ടേഴ്സ് ആക്രമിക്കുമെന്ന് റഷ്യ മുന്നറിയിപ്പ് നൽകിയിരുന്നു. ഇതിനു സമീപത്തുള്ള ആളുകളോട് പ്രദേശത്തുനിന്നും ഒഴിഞ്ഞുപോകാനും ആവശ്യപ്പെട്ടിരുന്നു.

ആക്രമണത്തെ തുടർന്ന് ടിവി ചാനലുകൾ സംപ്രേക്ഷണം നിർത്തിയതായി കീവ് ആസ്ഥാനമായുള്ള യുക്രെയ്ൻ ഇംഗ്ലീഷ് ഭാഷാ വാർത്താ ഏജൻസിയായ കൈവ് ഇൻഡിപെൻഡൻറ് പറഞ്ഞു. റഷ്യക്കാർക്കെതിരെ തെറ്റായ വിവരങ്ങൾ നൽകുന്നെന്നാരോപിച്ചായിരുന്നു ആക്രമണം.

അതേസമയം, റഷ്യയുമായുള്ള യുദ്ധത്തിൽ യുക്രെയ്നിനൊപ്പമാണെന്ന് തെളിയിക്കാൻ യൂറോപ്യൻ യൂണിയനോട് അഭ്യർഥിച്ച് പ്രസിഡൻറ് വോളോഡിമിർ സെലൻസ്കി. തങ്ങൾ കൂടി ചേർന്നാൽ യൂറോപ്യൻ യൂണിയൻ കൂടുതൽ ശക്തമാകും, അതുറപ്പാണെന്നും സെലൻസ്കി പറഞ്ഞു.

യൂറോപ്യൻ പാർലമെൻറ് യോഗത്തിൽ ഓൺലൈനായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂറോപ്യൻ യൂണിയൻ ഒപ്പമില്ലെങ്കിൽ യുക്രെയ്ൻ ഒറ്റപ്പെടും. യുക്രെയ്നിനൊപ്പമുണ്ടെന്ന് തെളിയിക്കുക. ഒറ്റയ്ക്കാക്കി പോകില്ലെന്ന് തെളിയിക്കുക.

നിങ്ങൾ യൂറോപ്പാണെന്ന് തെളിയിക്കുക. അതോടെ ജീവിതം മരണത്തെ ജയിക്കും. വെളിച്ചം ഇരുട്ടിനെ ജയിക്കും അദ്ദേഹം പറഞ്ഞു. യുക്രെയ്ൻ പോരാട്ടം തുടരുകയാണ്. പോരാടുന്നത് നിലനിൽപ്പിനായാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# റഷ്യൻ അതിർത്തിയിലേക്ക് ദൗത്യസംഘത്തെ അയച്ച് ഇന്ത്യ

ന്യൂഡൽഹി: യുക്രെയ്നിലെ കാർക്കീവിൽ റഷ്യൻ അതിർത്തിയിലേക്ക് ദൗത്യസംഘത്തെ അയച്ച് ഇന്ത്യ. വിദേശകാര്യസെക്രട്ടറി ഹർഷ്!വർധൻ ശൃംഗ്!ലയാണ് ഇക്കാര്യം അറിയിച്ചത്. റഷ്യയുമായി ചേർന്നുകിടക്കുന്ന കാർക്കീവിലെ അതിർത്തിയിലേക്ക് സംഘത്തെ അയച്ചെന്ന് അദ്ദേഹം പറഞ്ഞു.

ഹാർകീവ്, സുമി മേഖലയിൽ കുടുങ്ങിയ ഇന്ത്യക്കാരെ ഒഴിപ്പിക്കുന്നതിന് പ്രഥമപരിഗണന. ഈ പ്രദേശങ്ങളിലെ സ്ഥിതിയെക്കുറിച്ച് വളരെ ആശങ്കാകുലരാണ്. റഷ്യൻ, യുക്രെയ്ൻ അംബാസഡർമാരെ വിളിച്ചു സംസാരിച്ചു. സംഘർഷ മേഖലകളിൽനിന്ന് വിദ്യാർഥികളെ എത്രയുംപെട്ടെന്ന് സുരക്ഷിതമായി കടത്തിവിടണമെന്ന് ശക്തമായി ആവശ്യപ്പെട്ടതായും വിദേശകാര്യ സെക്രട്ടറി പറഞ്ഞു.





കൊല്ലം ജില്ലാ പഞ്ചായത്തിന്റെ എൻട്രി പദ്ധതിയിലൂടെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരായി നിയമനം ലഭിച്ചവർക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ.ഡാനിയൽ നിയമന ഉത്തരവ് കൈമാറുന്നു.

# എൻട്രി പദ്ധതിയിലൂടെ 150 പേർ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരായി

**കൊല്ലം** ജില്ലാ പഞ്ചായത്തിന്റെ എൻട്രി പദ്ധതിയിലൂടെ പട്ടിക ജാതി വിഭാഗത്തിൽ പെട്ട 150 വനിതാ ഉദ്യോഗാർത്ഥികൾക്ക് ജില്ലയിലെ വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരായി കരാർ നിയമനം ലഭിച്ചു. രണ്ടു വർഷത്തേക്കാണ് നിയമനം. ജില്ലാ പഞ്ചായത്ത് ജയൻ സ്മാരക ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ.ഡാനിയൽ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് കൈമാറി.

തൊഴിൽ ദായക പദ്ധതികൾക്ക് മുൻഗണന നൽകുമെന്നും പട്ടിക ജാതി വിഭാഗത്തിലുള്ള ആയിരത്തിലധികം പേർക്ക് വിവിധ പദ്ധതികളിലൂടെ ഈ സാമ്പത്തിക വർഷം തന്നെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

വൈസ് പ്രസിഡന്റ് അഡ്വ. സുമലാൽ അദ്ധ്യക്ഷയായി. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അനിൽ എസ്. കല്ലേലിഭാഗം, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജെ. നജീബത്ത്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വസന്ത രമേശ്, ആരോഗ്യ വിദ്യാഭ്യാസ സാന്റിംഗ് കമ്മിറ്റി ചെയർമാൻ ഡോ. പി.കെ.ഗോപൻ,ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ആർ. രശ്മി, എസ്. സോമൻ, സി. അംബിക കുമാരി , ശ്യാമളയമ്മ, ജില്ലാ വനിതാ ക്ഷേമ ഓഫീസർ ആർ. സുലജ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബിനുൽ വാഹിദ് തുടങ്ങിയവർ പങ്കെടുത്തു.

# പ്രവർത്തനങ്ങൾ താഴേ തട്ടിലേക്ക് 'വിഷൻ ബിൽഡിംഗ്' ശില്പശാലയൊരുക്കി കുടുംബശ്രീ

കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ താഴെ തട്ടിലേക്ക് വ്യാപിപ്പിച്ച് പ്രവർത്തന മികവൊരുക്കാൻ സി. ഡി. എസ്. ചെയർപേഴ്സൺമാർക്കായി 'വിഷൻ ബിൽഡിംഗ്' ശില്പശാല സംഘടിപ്പിച്ചു. സി.കേശവൻ മെമ്മോറിയൽ ടൗൺ ഹാളിൽ നടത്തിയ ശില്പശാലയുടെ ഉദ്ഘാടനം കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പി. ഐ. ശ്രീവിദ്യ നിർവഹിച്ചു.

സ്ത്രീകളിലൂടെ ദാരിദ്ര്യ നിർമാർജനവും സാമ്പത്തിക സാമൂഹിക ശാക്തീകരണവുമാണ് കുടുംബശ്രീ മിഷൻ ലക്ഷ്യമിടുന്നത്. മൂന്ന് വർഷത്തിലൊരിക്കലാണ് കുടുംബശ്രീ തിരഞ്ഞെടുപ്പ് നടത്തുന്നത്. നിലവിൽ തിരഞ്ഞെടുപ്പ് പൂർത്തിയായ സാഹചര്യത്തിൽ, വരുന്ന മൂന്ന് വർഷ കാലയളവിൽ കൂട്ടായ തീരുമാനങ്ങൾ എടുക്കാൻ ഓരോ സി. ഡി. എസിന്റെ നേതൃത്വത്തിലുള്ള ഭരണസംവിധാനത്തിനും കഴിയണം. സംഘടന സംവിധാനത്തിലൂടെ സാമൂഹിക പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാനാവും. കുടുംബശ്രീ മുഖേന ലഭ്യമാകുന്ന സഹായസഹകരണങ്ങൾ എന്തൊക്കെയാണെന്നും അതിനായി ആരെ സമീപിക്കണമെന്നുമുള്ള ധാരണ താഴെ തട്ടിൽ എത്തിക്കണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ പറഞ്ഞു.

കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ സി.ഡി.എസ് ചെയർപേഴ്സൺമാർക്കായാണ് പരിപാടി സംഘടിപ്പിച്ചത്.

കുടുംബശ്രീ മുഖേന മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, മാർക്കറ്റിംഗ് സംവിധാനങ്ങൾ വിപുലപ്പെടുത്തൽ, കാർഷിക മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുക എന്നിവയിലൂടെ സാമ്പത്തിക സാമൂഹിക വികസനം എങ്ങനെ സാധ്യമാക്കാം, കുടുംബശ്രീ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കൽ, ആദിവാസി ഊരുകളിലെയും സ്കൂളു കളിലേയും ലഹരി നിർമാർജനം, സ്ത്രീധന നിരോധനം എന്നീ മേഘലകളിലെ ബോധവൽക്കരണ പരിപാടികളിൽ കുടുംബശ്രീ പ്രവർത്തകർക്കുള്ള പങ്ക് എന്നിവ ശില്പശാലയിൽ ചർച്ച ചെയ്തു.

കുടുംബശ്രീ (ഡി.ഡി.യു.ജി.കെ.വൈ) പ്രോഗ്രാം മാനേജർ എൻ. പി ഷിബു ' കുടുംബശ്രീയും ഉപജീവന സാധ്യതകളും', പ്രോഗ്രാം മാനേജർ (ജെൻഡർ) വി. സിന്ദു ' കുടുംബശ്രീയും ജെൻഡറും', പ്രോഗ്രാം മാനേജർ (സംഘടന) സി.സി നിഷാദ് ' കുടുംബശ്രീ പിന്തുണ സംവിധാനവും ഫിനാൻസ് മാനേജ്മെന്റും' വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. അഞ്ച് ജില്ലകളിലെ കുടുംബശ്രീ മിഷൻ ജില്ലാ കോഓർഡിനേറ്റർമാരായ വി. ആർ. അജു, കെ. ആർ. ഷൈജു, കെ. എച്ച്. സലീന, ജെ. പ്രശാന്ത് ബാബു, അഭിലാഷ് ദിവാകർ എന്നിവർ പങ്കെടുത്തു.

## വിവരശേഖരണം നടത്തും

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ കാർഷിക മേഖല ആശ്രയിക്കുന്ന പൊതു കമ്പോളങ്ങൾ അവയുടെ പ്രവർത്തന രീതികൾ എന്നിവയെക്കുറിച്ച് സമഗ്രപഠനം നടത്തുന്നു. കാർഷിക ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന മൊത്ത /ചില്ലറ വ്യാപാര കമ്പോളങ്ങളുടെ പട്ടിക തയ്യാറാക്കുക, കമ്പോളങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും അനുബന്ധ സേവനങ്ങളുടെയും ലഭ്യത മനസ്സിലാക്കുക, വ്യാപാരികൾ ആശ്രയിക്കുന്ന സംഭരണ ശാഖകളുടെ വിവരം തയ്യാറാക്കുക, കാർഷിക ഉല്പന്നങ്ങളുടെ വിപണന രീതി മനസ്സിലാക്കുക, മാർക്കറ്റ് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുക എന്നിവയാണ് സർവേയുടെ ലക്ഷ്യങ്ങൾ. കമ്പോളങ്ങളിൽ വിപണനം നടത്തുന്ന സമയം, പ്രാദേശികമായും അയൽജില്ല/ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ വിവരശേഖരണം, മാസംതോറും വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ അളവ് എന്നിവയുടെ വിവരശേഖരണവും ലക്ഷ്യമിടുന്നു.

മാർച്ച് മൂന്നു മുതൽ 20 വരെയാണ് കാലയളവ്. ജില്ല / താലൂക്ക് കേന്ദ്രങ്ങളിൽ ഉള്ള സ്റ്റാറ്റിസ്റ്റിക്സ് ഇൻവെസ്റ്റിഗേറ്റർമാർ പൊതു കമ്പോളങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുമെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## വോക്ക്ഇൻ ഇന്റർവ്യൂ

കൊല്ലം കേന്ദ്രീയ വിദ്യാലയത്തിൽ അടുത്ത അധ്യയന വർഷത്തിലേക്കുള്ള അധ്യാപകരുടെയും ജീവനക്കാരുടെയും പാനൽ തയ്യാറാക്കുന്നതിന് മാർച്ച് മൂന്ന്, നാല് തീയതികളിൽ വിദ്യാലയത്തിൽ വോക്ക്ഇൻഇന്റർവ്യൂ നടത്തും. മാർച്ച് മൂന്നിന് പ്രൈമറി ടീച്ചർ, പി.ജി.ടി (കോമേഴ്സ്, ഇക്കണോമിക്സ്, കമ്പ്യൂട്ടർ സയൻസ്), ടി.ജി.ടി (സോഷ്യൽ സയൻസ്), കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ, മലയാളം ടീച്ചർ, യോഗ, ആർട്ട് പരിശീലകർ എന്നീ തസ്തികകളിലേക്കും മാർച്ച് നാലിന് പി.ജി.ടി (ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്സ്, ഇംഗ്ലീഷ്, ഹിന്ദി), ടി.ജി.ടി (ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, മാത്സ് ആൻഡ് സയൻസ് (ബയോളജി), നഴ്സ്, കൗൺസിലർ, ഡോക്ടർ എന്നീ തസ്തികകളിലേക്കും രാവിലെ ഒമ്പത് മണി മുതൽ ഇന്റർവ്യൂ നടത്തും.

# ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രഥമ വനിതാ ഡയറക്ടറായി ഡോ. പി. എസ്. ശ്രീകല ചുമതലയേറ്റു

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഥമ വനിതാ ഡയറക്ടറായി ഡോ. പി. എസ്. ശ്രീകല ചുമതലയേറ്റു. സാക്ഷരതാ മിഷൻ മുൻ ഡയറക്ടറും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ മലയാളം വിഭാഗം അസോസിയേറ്റ് പ്രൊഫസറുമാണ് ഡോ. പി. എസ്. ശ്രീകല. കേരള സർവകലാശാല സിൻഡിക്കേറ്റിലും കേരള സാഹിത്യ അക്കാദമി നിർവാഹക സമിതിയിലും അംഗമായിരുന്നു. കേരള സ്ത്രീപഠനകേന്ദ്രം ഡയറക്ടർ, വനിതാ സഹിതി സംസ്ഥാന സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചു. ഇ. എം. എസിന്റെ ഭാഷാ സാഹിത്യ സംഭാവനകളെ ആസ്പദമാക്കിയുള്ള പഠനത്തിൽ യു. ജി. സി ഫെല്ലോഷിപ്പോടെ പി. എച്ച്. ഡി നേടി. സംസ്കൃതത്തിലെയും ദ്രാവിഡ ഭാഷകളിലെയും സ്ത്രീസൂചകങ്ങൾ സംബന്ധിക്കുന്ന പഠനത്തിൽ യു. ജി. സിയുടെ മേജർ റിസർച്ച് പ്രൊജക്ട് പൂർത്തിയാക്കി.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച കേരളത്തിലെ വിദ്യാഭ്യാസം പശ്ചാത്തലവും പരിവർത്തനവും, നവ നവോത്ഥാനത്തിന്റെ ഭാവുകത്വ പരിസരം എന്നിവയും വിശ്വസാഹിത്യത്തിലെ സ്ത്രീപ്രതിഭകൾ, ഇ. എം. എസ് ഭാഷ സാഹിത്യം, ഫെമിനിസത്തിന്റെ കേരള ചരിത്രം, നിലവറകൾ തുറക്കുമ്പോൾ (എഡിറ്റർ), ഇ. എം. എസിന്റെ കഥ (ബാലസാഹിത്യം), മാൽപ്രാക്ടീസ് (കഥാസമാഹാരം) തുടങ്ങിയ ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

തിരുവനന്തപുരം വഞ്ചിയൂർ സ്വദേശിനിയാണ്. ഭർത്താവ് തിരുവനന്തപുരം നഗരസഭ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻ ചെയർമാൻ വഞ്ചിയൂർ പി. ബാബു. ഏക മകൾ തിരുവനന്തപുരം നഗരസഭ കൗൺസിലർ ഗായത്രി ബാബു.

## സൗജന്യ പരിശീലനം

ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഇംഗ്ലീഷ് ആശയ വിനിമയ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി കൊട്ടാരക്കര കരിയർ ഡവലപ്പ്മെന്റ് സെന്ററിൽ 20 ദിവസത്തെ സൗജന്യ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ ഡവലപ്പ്മെന്റ് പ്രോഗ്രാം നടത്തുന്നു. ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ബിരുദം ഉള്ളവർക്ക് മുൻഗണന. പ്രായ പരിധി 18നും 35നും ഇടയിൽ. 30 പേർക്കാണ് പ്രവേശനം.

പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ മാർച്ച് 10നകം അപേക്ഷ നൽകണം. അപേക്ഷ ഫോറം അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ :0474 2457212.

## യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം: മാർച്ച് 10 വരെ ആശയങ്ങൾ സമർപ്പിക്കാം

വിദ്യാർഥികളിലെ നൂതന ആശയങ്ങളെ നാടിന്റെ വികസനത്തിന് ഉപയോഗിക്കുകയെന്ന ലക്ഷ്യത്തോടെ കേരള ഡവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ നടത്തുന്ന യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ ആശയങ്ങൾ സമർപ്പിക്കാനുള്ള അവസാന തിയതി മാർച്ച് 10 വരെ നീട്ടി. കോവിഡ് പ്രതിസന്ധിമൂലം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ വൈകിയതിനാൽ കൂടുതൽ വിദ്യാർഥികൾക്ക് പങ്കെടുക്കാൻ അവസരം ലഭിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും അഭ്യർഥന മാനിച്ചാണ് തിയതി നീട്ടിയത്.

എട്ടാം ക്ലാസ് മുതലുള്ള സ്കൂൾ വിദ്യാർഥികൾക്കും 35 വയസ്സിൽ താഴെ പ്രായമുള്ള ഗവേഷണ വിദ്യാർഥികൾ വരെയുള്ള കോളജ് വിദ്യാർഥികൾക്കും വൈഐപിയിൽ പങ്കെടുത്ത് ആശയങ്ങൾ സമർപ്പിക്കാം. രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രം സഹിതം രണ്ടുമുതൽ അഞ്ചു വരെ അംഗങ്ങളുള്ള സംഘമായി വേണം പങ്കെടുക്കാൻ. വിദഗ്ദ്ധർ നിർദ്ദേശിച്ചിട്ടുള്ള 20 മേഖലകളിലെ പ്രശ്നപരിഹാരങ്ങൾക്കുള്ള ആശയങ്ങളാണ് സമർപ്പിക്കേണ്ടത്.

ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 8000 ടീമുകൾക്ക് 25000 രൂപ വീതവും അതിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന 2000 ടീമുകൾക്ക് 50000 രൂപ വീതവും ലഭിക്കും. മൂന്നാം ഘട്ടത്തിലെത്തുന്ന 900 ടീമുകൾക്ക് മൂന്നുവർഷത്തിനുള്ളിൽ ആശയത്തെ വികസിപ്പിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള മെന്ററിംഗും സാമ്പത്തിക സഹായവും നൽകും. കർശനമായ പരിശോധനകളും പരിശീലനവും വഴിയാണ് ഓരോ ഘട്ടത്തിലുംമികച്ചതും പ്രായോഗികവും പ്രയോജനപ്രദവുമായ ആശയങ്ങൾ കണ്ടെത്തുക. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും y-ip.k-er-a-l-a.gov.in സന്ദർശിക്കുക.

## കർഷക തൊഴിലാളി ക്ഷേമനിധി അംശദായ കുടിശിക അടയ്ക്കാം

കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംശദായം അടയ്ക്കുന്നതിൽ 24 മാസത്തിൽ കൂടുതൽ കുടിശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് കാലപരിധിയില്ലാതെ അംശദായ കുടിശിക പിഴ സഹിതം അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിന് ഇന്ന് (മാർച്ച് 01) മുതൽ 2023 ഫെബ്രുവരി 28 വരെ 12 മാസത്തെ സമയം അനുവദിച്ചു. കുടിശിക വരുത്തിയ ഓരോ വർഷത്തിനും 10 രൂപ നിരക്കിൽ പിഴ ഈടാക്കും. 60 വയസ് പൂർത്തിയാക്കിയ അംഗത്തിന് കുടിശിക അടയ്ക്കുന്നതിനും അംഗത്വം പുന:സ്ഥാപിക്കുന്നതിനും അവസരം ഉണ്ടായിരിക്കില്ലെന്നും അറിയിപ്പിൽ പറയുന്നു.

## ഗവർണർ വീണ്ടും ചെന്നൈയിലേക്ക് പേഴ്സണൽ സ്റ്റാഫ് ശിപാർശ വൈകിയേക്കും

തിരുവനന്തപുരം: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഇന്നു തിരുവനന്തപുരത്തു മടങ്ങിയെത്തുമെങ്കിലും അടുത്ത ദിവസം വീണ്ടും ചെന്നൈയിലേക്കു പോകുന്ന സാഹചര്യത്തിൽ മന്ത്രിമാരുടേത് അടക്കമുള്ള പേഴ്സണൽ സ്റ്റാഫ് പെൻഷൻ വിഷയത്തിൽ സർക്കാരിനു നൽകേണ്ട ശിപാർശ വൈകിയേക്കും. കഴിഞ്ഞ കുറച്ചു നാളായി കേരളത്തിനു പുറത്തുള്ള ഗവർണർ, ഇന്നു രാജ്ഭവനിൽ മടങ്ങിയെത്തുമെങ്കിലും ആറിനു ചെന്നൈയിലേക്കു പോകും. പിന്നീട് ഏതാനും ദിവസങ്ങൾക്കു ശേഷം മാത്രമേ ഗവർണർ മടങ്ങിയെത്തുകയുള്ളു. രണ്ടു ദിവസം രാജ്ഭവനിലുണ്ടാകുമെങ്കിലും മറ്റു ചില സുപ്രധാന ഫയലുകൾ പരിശോധിക്കേണ്ടതിനാൽ പേഴ്സണൽ സ്റ്റാഫ് വിഷയത്തിലുള്ള ചീഫ് സെക്രട്ടറിയുടെ മറുപടി പരിശോധിക്കാനുള്ള സാധ്യത കുറവാണെന്നാണു വിവരം. പേഴ്സണൽ സ്റ്റാഫ് പെൻഷനുമായി ബന്ധപ്പെട്ട വിശദമായ ഫയൽ കഴിഞ്ഞയാഴ്ച ചീഫ് സെക്രട്ടറി വി.പി. ജോയി രാജ്ഭവനു കൈമാറിയെങ്കിലും ഇതുവരെ ഗവർണർ പരിശോധിച്ചിട്ടില്ലെന്നാണു വിവരം. ഫയൽ പഠിച്ച ശേഷമേ അതിൻറെ നിയമ വശങ്ങൾ അടക്കം വിലയിരുത്താനാകൂ. നിയമവിദഗ്ധർ, പെൻഷൻ കാര്യത്തിൽ വൈദഗ്ധ്യമുള്ളവർ, ഭരണഘടനാ വിദഗ്ധർ തുടങ്ങിയവരുടെ ഉപദേശം തേടിയശേഷമേ ഗവർണർ തീരുമാനമെടുക്കുകയുള്ളു.

# യുക്രെയ്നിൽ മരണം രണ്ടായിരം കടന്നു

കീവ്: യുക്രെയ്നിലെ പ്രധാന നഗരങ്ങളും ജനവാസമേഖലകളും തകർത്ത് റഷ്യൻസേന. റഷ്യൻ ആക്രമണം ഏഴു ദിവസം പിന്നിട്ടപ്പോൾ കൊല്ലപ്പെട്ട സാധാരണക്കാരുടെ എണ്ണം രണ്ടായിരം പിന്നിട്ടു.

യുക്രെയ്നിലെ രണ്ടാമത്തെ വലിയ നഗരമായ ഖാർകീവിലാണു റഷ്യൻ സൈന്യം നിഷ്ഠുര ആക്രമണം നടത്തുന്നത്. ബോംബാക്രണത്തിൽ നഗരം തരിപ്പണമായി. എത്രയും പെട്ടെന്ന് ഖാർകീവ് വിടണമെന്ന് ഇന്ത്യൻ പൗരന്മാരോട് ഇന്ത്യൻ എംബസി ആവശ്യപ്പെട്ടു. വൻ ആക്രമണം നടത്താൻ റഷ്യൻ പാരാട്രൂപ്പർമാർ ഖാർകീവിൽ ഇറങ്ങി.

യുക്രെയ്നിൽനിന്ന് ആയിരങ്ങളാണ് പലായനം ചെയ്യുന്നത്. 8,74,000 പേർ രാജ്യം വിട്ടെന്ന് യുഎൻ അഭയാർഥി ഏജൻസി പറഞ്ഞു. ആയിരക്കണക്കിനു പേർ ബങ്കറുകളിലാണ് കഴിയുന്നത്. റഷ്യയുടെ സഖ്യകക്ഷിയായ ബെലാറൂസും ആക്രമണത്തിന് ഒരുങ്ങുന്നതായി യുക്രെയ്ൻ അറിയിച്ചു.

തലസ്ഥാനമായ കീവിലും റഷ്യൻസേന കനത്ത നാശം വിതച്ചു. വടക്കൻ നഗരമായ ചെർനിഹീവിൽ ആശുപത്രിയിൽ രണ്ടു ക്രൂസ് മിസൈലുകൾ പതിച്ചു. ആശുപത്രിയുടെ പ്രധാന കെട്ടിടം തകർന്നു. ഖാർകീവിലെ പോലീസ്, ഇൻറലിജൻസ് ആസ്ഥാനത്തിനു നേരേയുണ്ടായ ആക്രമണത്തിൽ നാലു പേർ കൊല്ലപ്പെട്ടു. ജനവാസകേന്ദ്രങ്ങളിലും കനത്ത ഷെല്ലാക്രമണമുണ്ടായി. കീവിലെ ടെലിവിഷൻ സംപ്രേഷണ ടവർ റഷ്യൻസേന തകർത്തു. ആക്രമണത്തിൽ അഞ്ചുപേർ മരിച്ചതായും അഞ്ചു പേർക്കു പരിക്കേറ്റതായും യുക്രെയ്ൻ അറിയിച്ചു. ഇതേത്തുടർന്ന് ടെലിവിഷൻ സ്റ്റേഷനുകളുടെ സംപ്രേഷണം കുറച്ചുസമയത്തേക്കു തടസപ്പെട്ടു. നാസി ഭീകരതയിൽ കൊല്ലപ്പെട്ട ജൂതർക്കായുള്ള ബാബി യാർ സ്മാരകത്തിനു കേടുപാടുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.



തെക്കൻ യുക്രെയ്നിലെ തന്ത്രപ്രധാനമായ തുറമുഖ നഗരമായ ഖെർസോൺ പിടിച്ചെടുത്തതായി റഷ്യ അവകാശപ്പെട്ടു. ക്രിമിയയ്ക്കു സമീപമാണു ഖെർസോൺ. മറ്റൊരു തുറമുഖ നഗരമായ മരിയുപോളിൽ 15 മണിക്കൂറിലേറെ തുടർച്ചയായി റഷ്യൻസേന ഷെല്ലാക്രമണം നടത്തിയതായി ഡെപ്യൂട്ടി മേയർ സെർജി ഒർലോവ് പറഞ്ഞു. മരിയുപോളിനെ എല്ലാ വശത്തു നിന്നും റഷ്യൻസേന വളഞ്ഞിരിക്കുകയാണ്. മരിയുപോളിൽ നൂറുകണക്കിനു പേർ കൊല്ലപ്പെട്ടിരിക്കാമെന്നാണു റിപ്പോർട്ട്.

അതിനിടെ, രണ്ടാം വട്ട ചർച്ചയ്ക്കു തയാറാണെന്ന് യുക്രെയ്നും റഷ്യയും അറിയിച്ചു. എവിടെയാണ് ചർച്ച എന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. ഇരു രാജ്യങ്ങളും തമ്മിൽ നടത്തിയ ആദ്യവട്ട ചർച്ച പരാജയപ്പെട്ടിരുന്നു.

യുക്രെയ്ന് അമേരിക്കയുടെയും ലോകത്തിൻറെയും പിന്തുണ അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡൻ വാഗ്ദാനം ചെയ്തു. അതേസമയം, അമേരിക്കൻ സേന യുദ്ധത്തിൽ പങ്കുചേരില്ലെന്നു ബൈഡൻ വ്യക്തമാക്കി.

## സൂര്യാഘാത മുൻകരുതൽ: ജോലി സമയം പുനഃക്രമീകരിച്ചു

സംസ്ഥാനത്തു പകൽ താപനില ഉയരുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്നത് തടയുന്നതിന് ഏപ്രിൽ 30 വരെ തൊഴിൽ സമയം പുനഃക്രമീകരിച്ചു കൊണ്ട് ലേബർ കമ്മീഷണർ ഉത്തരവായി. ഇതുപ്രകാരം പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12 മണി മുതൽ 3 മണി വരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7 മണി മുതൽ വൈകിട്ട് 7 മണി വരെയുള്ള സമയത്തിനുള്ളിൽ 8 മണിക്കൂറായിരിക്കും. രാവിലെയും ഉച്ചയ്ക്ക് ശേഷവുമുള്ള മറ്റു ഷിഫ്റ്റുകളിലെ ജോലി സമയം യഥാക്രമം ഉച്ചയ്ക്ക് 12 മണിക്ക് അവസാനിക്കുന്ന പ്രകാരവും വൈകുന്നേരം 3 മണിക്ക് ആരംഭിക്കുന്ന പ്രകാരവും പുനഃക്രമീകരിച്ചു.

## ടെണ്ടർ ക്ഷണിച്ചു

സപ്ലൈകോ എൻ.എഫ്.എസ്.എ ഗോഡൗണുകളിലെക്ക് എഫ്. സി. ഐ ഡിപ്പോ, സി. എം. ആർ എന്നിവിടങ്ങളിൽ നിന്നും റേഷൻ സാധനങ്ങൾ എടുക്കുന്നതിനും, എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ നിന്നും റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ വാതിൽപ്പടി വിതരണം നടത്തുന്നതിനും ട്രാൻസ്പോർട്ടേഷൻ, ഹാൻഡ്ലിംഗ് ജോലികൾ നിർവഹിക്കുന്നതിലേക്കായി കരാറുകാരെ കണ്ടെത്തുന്നതിനായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ (സപ്ലൈകോ) ടെൻഡർ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് ംംം.ലലേിറലൃ.സലൃമഹമ.ഴീ.ശി ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 2 വൈകിട്ട് അഞ്ചുമണി. ഫോൺ 04742761536.



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ല ഓംബുഡ്സ്മാൻ എൽ.സാം ഫ്രാങ്ക്ളിൻ സിറ്റിംഗ് നടത്തി

# എയർമാർഷൽ ശ്രീകുമാർ പ്രഭാകരൻ പശ്ചിമ വ്യോമസേനാ മേധാവിയായി ചുമതലയേറ്റു

തിരുവനന്തപുരം: കണ്ണൂർ സ്വദേശിയായ എയർമാർഷൽ ശ്രീകുമാർ പ്രഭാകരൻ പശ്ചിമ വ്യോമസേനാ ആസ്ഥാനത്തിന്റെ മേധാവിയായി ഇന്നലെ ചുമതലയേറ്റു. 1983 ഡിസംബർ 22 ന് ഭാരതീയ വ്യോമസേനയിൽ യുദ്ധവൈമാനികനായി കമ്മിഷൻ ചെയ്ത എയർമാർഷൽ ശ്രീകുമാർ, നാഷണൽ ഡിഫൻസ് അക്കാദമിയിൽ നിന്നും ബിരുദം കരസ്ഥമാക്കിയിട്ടുണ്ട്.

ന്യൂഡൽഹി നാഷണൽ ഡിഫൻസ് കോളജിലെ പൂർവ വിദ്യാർത്ഥിയായ അദ്ദേഹം വെല്ലിങ്ടൺ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളജിൽ നിന്നും ബിരുദം നേടിയിട്ടുണ്ട്. ഏകദേശം 5000 മണിക്കൂറുകൾ ഭാരതീയ വായുസേനയുടെ ഒറ്റ എൻജിൻ യുദ്ധ വിമാനങ്ങളും പരിശീലന വിമാനങ്ങളും പറപ്പിച്ചിട്ടുള്ള എയർ മാർഷൽ വിമാന പരിശീലകനായും (ക്യാറ്റ്എ) സേവനമനുഷ്ഠിച്ചിട്ടുണ്ട്.

രണ്ട് സുപ്രധാന ഫ്ലയിങ് സ്റ്റേഷനുകളുടെ കമാൻഡിങ് ഓഫീസറായി ചുമതല വഹിച്ചിട്ടുള്ള അദ്ദേഹം വെല്ലിംഗ്ടൺ ഡിഫൻസ് സർവ്വീസസ് സ്റ്റാഫ് കോളജിൽ സിനിയർ ഡയറക്ടിംഗ് സ്റ്റാഫ്, കോളജ് ഓഫ് വാർഫയറിങ്ങിന്റെ കമാൻഡന്റ്, വ്യോമസേനാ ആസ്ഥാനത്ത് അസിസ്റ്റന്റ് ചീഫ് ഓഫ് എയർ സ്റ്റാഫ് (ഇന്റലിജൻസ്), ഡയറക്ടർ ജനറൽ (ഇൻസ്പെക്ഷൻസേഫ്റ്റി) എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

കെയ്റോ, സൈപ്രസ്, ജിബുട്ടി, എത്യോപ്യ, സുഡാൻ എന്നിവിടങ്ങളിൽ അദ്ദേഹം എയർ അറ്റാഷെയായും പ്രവർത്തിച്ചിട്ടുണ്ട്. ഹൈദരാബാദ് വ്യോമസേനാ അക്കാദമി മേധാവിയാകുന്നതിനു മുൻപ് അദ്ദേഹം ദക്ഷിണപശ്ചിമ കമാന്റിൽ സീനിയർ എയർ സ്റ്റാഫ് ഓഫീസറായിരുന്നു. മികച്ച സേവനത്തിന് അദ്ദേഹത്തിന് ഈ വർഷം അതിവിശിഷ്ട സേവാ മെഡലും, 2005 ൽ വായു സേനാ മെഡലും ലഭിച്ചിട്ടുണ്ട്.

കണ്ണൂർ കല്ല്യാശേരി സ്വദേശികളായ സിസിപി നമ്പ്യാരുടേയും പദ്മിനി നമ്പ്യാരുടേയും മകനാണ് എയർ മാർഷൽ ശ്രീകുമാർ പ്രഭാകരൻ. രേഖ പ്രഭാകരൻ നമ്പ്യാരാണ് ഭാര്യ . മക്കൾ: വരുൺ, തനയ് .

# കെഎസ്എഫ്ഡിസിയുടെ ആദ്യ സിനിമ ബെംഗളൂരു ഫെസ്റ്റിവെൽ മത്സരവിഭാഗത്തിൽ

തിരുവനന്തപുരം: കേരള സർക്കാരിൻറെ സ്ത്രീശാക്തീകരണ പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (കെഎസ്എഫ്ഡിസി) നിർമ്മിച്ച കന്നി ചിത്രം 'നിഷിദ്ധോ' 13-ാമത് ബെംഗളൂരു ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവെലിൽ.

താര രാമാനുജൻ രചനയും സംവിധാനവും നിർവ്വഹിച്ച ചിത്രം മാർച്ച് 3 മുതൽ 10 വരെ നടക്കുന്ന ചലച്ചിത്രമേളയിലെ ഇന്ത്യൻ സിനിമാ മത്സരവിഭാഗത്തിലാണ് പ്രദർശിപ്പിക്കുക. കെഎസ്എഫ് ഡിസിയുടെ 'ഫിലിംസ് ഡയറക്ടഡ് ബൈ വിമെൻ' പദ്ധതിക്ക് കീഴിൽ നിർമ്മിക്കുന്ന രണ്ട് സിനിമകളിൽ ഒന്നാണിത്.

പശ്ചിമ ബംഗാളിൽ നിന്നും തമിഴ്നാട്ടിൽ നിന്നും കേരളത്തിലെ പട്ടണത്തിലേക്ക് കുടിയേറിയ രണ്ട് പേരുടെ ജീവിതമാണ് നിഷിദ്ധോ പ്രമേയമാക്കുന്നത്. കനി കുസൃതിയും തൻമയ് ധനാനിയയും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ഫിലിംസ് ഡയറക്ടഡ് ബൈ വിമെൻ പദ്ധതിക്ക് കീഴിൽ വനിതാ സംവിധായകർക്ക് പ്രതിവർഷം രണ്ട് സിനിമകൾ നിർമ്മിക്കുന്നതിന് സർക്കാർ ബജറ്റ് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സംവിധായകർക്കായുള്ള പദ്ധതിയിൽ കെഎസ്എഫ് ഡിസി രണ്ട് സിനിമകൾ നിർമ്മിക്കും. ഇതിൽ ലിംഗഭേദമില്ലാതെ സംവിധായകർക്ക് അപേക്ഷിക്കാം.

ചലച്ചിത്രരംഗത്ത് നവീനമായ സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തരം വ്യത്യസ്ത പദ്ധതികൾ അവതരിപ്പിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനം കേരളമായിരിക്കുമെന്ന് നിഷിദ്ധോയുടെ അണിയറപ്രവർത്തകരെ അഭിനന്ദിച്ചുകൊണ്ട് സാംസ്കാരിക മന്ത്രി സജി ചെറിയാൻ പറഞ്ഞു. സ്ത്രീകളുടെ ഉന്നമനത്തിനും ശാക്തീകരണത്തിനുമുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെ ഭാഗമാണ് വനിതാ ചലച്ചിത്ര പ്രവർത്തകർക്കായുള്ള പദ്ധതി. തങ്ങളുടെ ആശയങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള ക്രിയാത്മക ഇടം ഇത് സ്ത്രീകൾക്ക് നൽകും. പാർശ്വവത്കൃത വിഭാഗത്തിൽ നിന്നുള്ള ചലച്ചിത്ര പ്രവർത്തകർക്കായുള്ള പദ്ധതി കലാകാരൻമാരുടെ മുഖ്യധാരാ പങ്കാളിത്തം ഉറപ്പാക്കും. ഈ പദ്ധതികൾക്ക് കീഴിൽ നിർമ്മിക്കുന്ന സിനിമകൾ വ്യത്യസ്ത കാഴ്ചപ്പാടുകളും ജീവിതാനുഭവങ്ങളും പ്രതിഫലിപ്പിക്കുന്നതാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെഎസ്എഫ് ഡിസി വർഷത്തിൽ ആകെ നാല് സിനിമകൾ നിർമ്മിക്കുമെന്നും ഇതിൽ രണ്ടെണ്ണം വനിതകളും രണ്ടെണ്ണം എസ് സി, എസ് ടി വിഭാഗത്തിലുള്ളവരും സംവിധാനം ചെയ്യുമെന്ന് കെഎസ്എഫ് ഡിസി ചെയർമാനും പ്രശസ്ത സംവിധായകനുമായ ഷാജി എൻ. കരുൺ പറഞ്ഞു. വനിതാ സംവിധായകർക്ക് കൂടുതൽ ആത്മവിശ്വാസം പകരാനും അവരുടെ വിസ്മയിപ്പിക്കുന്ന കഴിവുകൾ പുറത്തുകൊണ്ടുവരാനും ഈ പദ്ധതി വഴിയൊരുക്കും. അതുല്യമായ ദൃശ്യഭാഷയും ആഖ്യാന വൈദഗ്ധ്യവുമുള്ള ചലച്ചിത്ര പ്രവർത്തകരെ പിന്തുണയ്ക്കുന്നതിനാണ് കെഎസ്എഫ് ഡിസി നിലകൊള്ളുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മാർച്ച് 18 മുതൽ 25 വരെ നടക്കുന്ന 26-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയിലെ മത്സര വിഭാഗത്തിലേക്കും കൊൽക്കൊത്ത അന്താരാഷ്ട്ര ചലച്ചിത്ര മേളയിലേക്കും നിഷിദ്ധോ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. മനേഷ് മാധവൻ ഛായാഗ്രഹണവും അൻസാർ ചേന്നാട്ട് എഡിറ്റിംഗും ദേബോജ്യോതി മിശ്ര സംഗീതവും നിർവ്വഹിക്കുന്നു. 1975ൽ സ്ഥാപിതമായ കെഎസ്എഫ് ഡിസി ഇന്ത്യയിലെ ചലച്ചിത്ര വികസനത്തിനുള്ള ആദ്യത്തെ പൊതുമേഖലാ കോർപ്പറേഷനാണ്.

# അഷ്നീർ ഗ്രോവർ ഭാരത്പേയിൽ നിന്നും രാജിവച്ചു

ന്യൂഡൽഹി: ഭാരത്പേ സഹസ്ഥാപകൻ അഷ്നീർ ഗ്രോവർ കമ്പനി ബോർഡിൽ നിന്നും രാജി വച്ചു. ഭാരത്പേയുടെ മാനേജിങ് ഡയറക്ടറായിരുന്ന ഗ്രോവർ. താൻ അപമാനിക്കപ്പെട്ടതായി

ഫിൻടെക് ബോർഡിന് അയച്ച ഇമെയിലിൽ പറയുന്നു.

കൊട്ടക് മഹീന്ദ്ര ബാങ്ക് ജീവനക്കാരനെ അധിക്ഷേപിച്ചതിന്റെ ഓഡിയോ ക്ലിപ്പ് ഓൺലൈനിൽ പ്രചരിച്ചതിനെത്തുടർന്ന് നടന്ന രണ്ട് മാസത്തോളം നീണ്ട നാടകീയ നീക്കങ്ങൾക്ക് ശേഷമാണ് രാജി. സിംഗപ്പൂർ ഇന്റർനാഷണൽ ആർബിട്രേഷൻ സെന്റർ കഴിഞ്ഞയാഴ്ച, കമ്പനിക്കുള്ളിൽ നടന്നുകൊണ്ടിരിക്കുന്ന ഗവേണൻസ് അവലോകനത്തിനെതിരെയുള്ള ഗ്രോവറിന്റെ അടിയന്തര അപേക്ഷ നിരസിച്ചതിന്റെ പിന്നാലെയാണ് രാജി. സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച ആരോപണത്തെ തുടർന്ന് ഫിൻടെക് കമ്പനിയായ ഭാരത് പേയുടെ സഹസ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ അഷ്നീർ ഗ്രോവറുടെ ഭാര്യ മാധുരി ജയിൻ ഗ്രോവറെ കമ്പനി തലപ്പത്ത് നിന്നും പുറത്താക്കിയിരുന്നു. കമ്പനിയുടെ എംപ്ലോയി സ്റ്റോക്ക് ഓണർഷിപ്പ് പ്ലാൻ (ഇഎസ്ഒപി) സംബന്ധിച്ച ചുമതലകളിൽ നിന്നും മാധുരിയെ ഒഴിവാക്കുകയും ചെയ്തു.

സൗന്ദര്യ ചികിത്സ നടത്തുന്നതിനും ഇലക്ട്രോണിക്ക് സാധനങ്ങൾ വാങ്ങുന്നതിനും യുഎസ്, ദുബായ് എന്നീ രാജ്യങ്ങളിലേക്ക് യാത്ര ചെയ്യുന്നതിനും കമ്പനിയുടെ ഫണ്ട് ഉപയോഗിച്ചു എന്നാണ് മാധുരിക്ക് എതിരെയുള്ള ആരോപണം. മാത്രമല്ല കമ്പനി അക്കൗണ്ടുകളിൽ നിന്നും പേഴ്സണൽ സ്റ്റാഫിന് പണം നൽകിയെന്നും അത് മറയ്ക്കാൻ പരിചയക്കാരിൽ നിന്നും വ്യാജ ഇൻവോയിസ് സംഘടിപ്പിച്ച് ഹാജരാക്കിയെന്നും മാധുരിക്കെതിരെ ആരോപണമുണ്ട്.

# അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2021-22 അദ്ധ്യയന വർഷത്തെ ബി.എസ്.സി നഴ്സിംഗ് & പാരാമെഡിക്കൽ കോഴ്സുകളിലേക്ക് എസ്.സി/ എസ്.ടി സ്പെഷ്യൽ അലോട്ട്മെന്റിലേക്ക് ഓപ്ഷനുകൾ സമർപ്പിച്ചവരുടെ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ മാർച്ച് 2 ന് അതത് കോളേജുകളിൽ പ്രവേശനം നേടണം. പ്രവേശനം നേടാത്തവരെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല. അടുത്ത സ്പെഷ്യൽ അലോട്ട്മെന്റിലേക്കുള്ള രജിസ്ട്രേഷനും ഓപ്ഷൻ സമർപ്പണവും മാർച്ച് 4,5 തീയതികളിൽ ഓൺലൈനായി ചെയ്യാം. എല്ലാ വിഭാഗക്കാർക്കും അലോട്ട്മെന്റിൽ പങ്കെടുക്കാം. എൽ.ബി.എസ്സ് നടത്തിയ മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം നേടിയവർ എൻ.ഒ.സി നിർബന്ധമായും ഓപ്ഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2560363, 64.

# കവളപ്പാറ ദുരന്തം: ഗൃഹനിർമാണത്തിനുള്ള ധനസഹായം രണ്ടാഴ്ചയ്ക്കകം അനുവദിക്കാൻ നിർദേശം

പാലക്കാട് കവളപ്പാറ പ്രളയത്തെത്തുടർന്നുണ്ടായ ഉരുൾ പൊട്ടലിൽ വീട് നശിച്ച 225 ആദിവാസി കുടുംബങ്ങൾക്കുള്ള വീട് നിർമാണം പൂർത്തിയാക്കുന്നതിനുള്ള തുക രണ്ടാഴ്ചയ്ക്കകം അനുവദിക്കണമെന്നു ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്കും പട്ടിക വർഗ വികസന വകുപ്പ് ഡയറക്ടർക്കും സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മിഷൻ നിർദേശം നൽകി. വീട് നിർമാണത്തിനുള്ള ആറു ലക്ഷം രൂപയിൽ നാലു ലക്ഷം ദുരന്ത നിവാരണ വകുപ്പും രണ്ടു ലക്ഷം പട്ടികവർഗ വികസന വകുപ്പുമാണു നൽകുന്നത്. ഇതിൽ പട്ടികവർഗ വികസന വകുപ്പിന്റെ ധനസഹായം വൈകുന്നതായുള്ള മാധ്യമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു നിർദേശം.

# ട്രാൻസ്പ്ലാന്റേഷന് പ്രത്യേക വിഭാഗം സ്ഥാപിക്കും: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രാൻസ്പ്ലാന്റേഷനായി പ്രത്യേക വിഭാഗം സ്ഥാപിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അർപ്പണ മനോഭാവത്തോടെയുള്ള ടീമാണ് ആവശ്യം. കോട്ടയം മെഡിക്കൽ കോളേജിൽ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളെയും കൂടി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താനായി സജ്ജമാക്കുമെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലിവർ ട്രാൻസ്പ്ലാന്റ് ടീം അംഗങ്ങളുമായി നടത്തിയ ആശയ വിനിമയത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കാനായി കാത്തിരിക്കുന്നവർ ധാരാളമുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്ന വ്യക്തിയെ സംബന്ധിച്ച് വലിയ സാമ്പത്തിക പ്രതിസന്ധിയാണ് ഉണ്ടാക്കുന്നത്. ഇതിനൊരു പരിഹാരം കാണാനാണ് സർക്കാർ മേഖലയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കുന്നത്. അവയവം മാറ്റിവയ്ക്കൽ രംഗത്തെ ചൂഷണം ഒഴിവാക്കുന്നതിന് കെ സോട്ടോ രൂപീകരിച്ചു. അവയവം മാറ്റിവയ്ക്കൽ പ്രക്രിയ സുതാര്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. ടീം അംഗങ്ങൾക്ക് മന്ത്രി എല്ലാ ഭാവുകങ്ങളും നേർന്നു.

ഫെബ്രുവരി 24ന് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ അടിയന്തരമായി ലിവർ ട്രാൻസ്പ്ലാന്റ് ടീം അംഗങ്ങൾക്കുള്ള പരിശീലനം നൽകണമെന്ന് നിർദേശിച്ചിരുന്നു. നാളെ മുതൽ പരിശീലനം ആരംഭിക്കുകയാണ്. അതിന് മുന്നോടിയായിട്ടാണ് ട്രാൻസ്പ്ലാന്റ് ടീം അംഗങ്ങളുമായി മന്ത്രി നേരിട്ട് ആശയ വിനിമയം നടത്തിയത്. ലിവർ ട്രാൻസ്പ്ലാന്റേഷൻ ടീമിൽ ഉൾപ്പെടുന്ന വിവിധ വിഭാഗങ്ങളിലെ ഡോക്ടർമാർ, നഴ്സുമാർ, ടെക്നീഷ്യൻമാർ തുടങ്ങി 50 ഓളം പേർ പങ്കെടുത്തു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. എ. റംലാ ബീവി, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സാറ വർഗീസ്, വൈസ് പ്രിൻസിപ്പൽ ഡോ. രാജ് മോഹൻ, മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. എ. നിസാറുദ്ദീൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. സുനിൽ കുമാർ, സർജിക്കൽ ഗ്യാസ്ട്രോ വിഭാഗം മേധാവി ഡോ. രമേഷ് രാജൻ, മെഡിക്കൽ ഗ്യാസ്ട്രോ വിഭാഗം മേധാവി ഡോ. കൃഷ്ണദാസ്, കെ സോട്ടോ എക്സി. ഡയറക്ടർ ഡോ. നോബിൾ ഗ്രേഷ്യസ്, അനസ്തീഷ്യ വിഭാഗം മേധാവി ഡോ. ലിനറ്റ്, ഡോ. അനിൽ സത്യദാസ് എന്നിവർ പങ്കെടുത്തു.

മെഡിക്കൽ കോളേജിലെ കെ സോട്ടോയുടെ സംസ്ഥാനതല ഓഫീസ് മന്ത്രി സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി.

# കൊവിഡിന് ശേഷം ഇലക്ട്രോണിക് മേഖലയിൽ പുതിയ അവസരങ്ങൾ സൃഷ്ടിച്ചു: കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ

"സാങ്കേതികവിദ്യയുടെ പ്രയോഗത്തിനും ഉപയോഗത്തിനുമുള്ള വലിയ വിപണിയാണ് ഇന്ത്യ ഇന്ന് പ്രതിനിധീകരിക്കുന്നത്. നവീനാശയങ്ങളുടെ പരിസ്ഥിതിയിൽ ബൃഹത്തായ ആഴവും മികച്ച സംരംഭകരുടെ ഊർജ്ജസ്വലസാന്നിധ്യവുമുള്ള ഒരു രാജ്യത്തെ ഇത് പ്രതിനിധീകരിക്കുന്നു. ഗവൺമെന്റ് നയവും ഗവൺമെന്റ് മൂലധനവും ഈ രണ്ട് ഘടകങ്ങളെ ഉത്തേജിപ്പിക്കുകയും ലോകത്തിന്റെ ആവശ്യവും ഇന്ത്യയുടെ ആവശ്യവും നിറവേറ്റുന്ന ഒരു സുസ്ഥിര ആവാസവ്യവസ്ഥയെ സൃഷ്ടിക്കുകയും ചെയ്യും,". 35-ാമത് അന്തർദേശീയ വിഎൽഎസ്ഐ സമ്മേളനത്തിൽ ഇലക്ട്രോണിക്സ് വിവര സാങ്കേതികവിദ്യ സഹമന്ത്രി ശ്രീ രാജീവ് ചന്ദ്രശേഖർ പറഞ്ഞു. സിലിക്കൺ കാറ്റലൈസിംഗ് കമ്പ്യൂട്ടിംഗ്, കമ്മ്യൂണിക്കേഷൻ ആന്റ് കോഗ്നിറ്റീവ് കൺവേർജൻസ് എന്നതായിരുന്നു വ്യവസായ പങ്കാളികളുമായി ചേർന്ന് വിഎൽഎസ്ഐ സൊസൈറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ സംഘടിപ്പിച്ച ഡിസൈൻ എംബഡഡ് സിസ്റ്റംസ് സമ്മേളനം 2022ന്റെ വിഷയം.

"2021 ഓഗസ്റ്റ് 15 ന്, പ്രധാനമന്ത്രി നമുക്കെല്ലാവർക്കും ഗഹനമായ ഒരു കാഴ്ചപ്പാട് നൽകി" സാങ്കേതികവിദ്യാ മേഖലയുടെ വളർച്ചയിലും വിപുലീകരണത്തിലും ഇന്ത്യയെ അഭൂതപൂർവമായ മാറ്റത്തിലേക്ക് നയിച്ച പ്രധാനമന്ത്രിയുടെ വീക്ഷണം പങ്കുവെച്ചുകൊണ്ട് രാജീവ് ചന്ദ്രശേഖർ ഉദ്ധരിച്ചു. " ഇന്ത്യൻ സാങ്കേതികവിദ്യയിലും നവീനാശയ ആവാസ വ്യവസ്ഥയിലും നമുക്കെല്ലാവർക്കും അഭിനിവേശമുണ്ട്. അടുത്ത 10 വർഷങ്ങളെ അദ്ദേഹം ഇന്ത്യയുടെ 'ടെക്കേഡ്' എന്നാണ് വിശേഷിപ്പിച്ചത് ആ ഒരു വാചകത്തിൽ ചുരുക്കി, പലർക്കുമുള്ള പലതുമുണ്ട്.നമ്മുടെ സമ്പദ്വ്യവസ്ഥയുടെ ദിശയെക്കുറിച്ചും സാങ്കേതിക ആവാസവ്യവസ്ഥയുടെ ദിശയെക്കുറിച്ചും സാങ്കേതികവിദ്യയുടെ ശക്തിയെക്കുറിച്ചും ഗവൺമെന്റിന്റെ പ്രവർത്തന രീതിയെ മാറ്റുന്നതിനെക്കുറിച്ചും അതിന്റെ പൗരന്മാരുടെ ജീവിതത്തെ പരിവർത്തനം ചെയ്യുന്നതിനെക്കുറിച്ചും ഇത് സംസാരിക്കുന്നു".

"കൊവിഡ് മഹാമാരിക്കാലത്ത് ഇന്ത്യയുടെ പ്രകടനം, പ്രതിരോധശേഷിയുള്ള സമ്പദ്വ്യവസ്ഥ, പ്രതിരോധശേഷിയുള്ള ഗവൺമെന്റ്, പ്രതിരോധശേഷിയുള്ള പൗരത്വം എന്നിവ കെട്ടിപ്പടുക്കുന്നതിനുള്ള സാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തിയ ഒരു രാജ്യമായി ഇന്ത്യയെ ലോകനിരീക്ഷകർക്കിടയിൽ പുനർനിർവചിച്ചു. 2021ൽ പ്രതിമാസം മൂന്നിലധികം എന്ന നിരക്കിൽ യുണികോൺസ് സൃഷ്ടിച്ച, എക്കാലത്തെയും ഉയർന്ന നേരിട്ടുള്ള വിദേശ നിക്ഷേപം ഇന്ത്യക്ക് ലഭിച്ചു". കൊവിഡ് മഹാമാരിയുടെ ആഘാതത്തെക്കുറിച്ചും അതിനോടുള്ള ഇന്ത്യയുടെ കൃത്യമായ പ്രതികരണത്തെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

"ഇഎസ്ഡിഎം (ഇലക്ട്രോണിക്സ് സിസ്റ്റം ഡിസൈൻ ആൻഡ് മാനുഫാക്ചറിംഗ്) മേഖലയിലും ഇഎസ്ഡിഎം ഉൾച്ചേർത്ത രൂപകൽപ്പനയിലും തീർച്ചയായും സെമി കണ്ടക്ടറിലും വലിയ അവസരങ്ങൾ നമുക്കുണ്ടെന്ന് ഇന്ന് വ്യക്തമാണ്. സെമി കണ്ടക്ടർ ഇടത്തേക്കുറിച്ചുള്ള നമ്മുടെ അഭിലാഷങ്ങൾ വളരെ വ്യക്തമാണ്". ഇലക്ട്രോണിക്സ് മേഖലയിലെ അവസരങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് രാജീവ് ചന്ദ്രശേഖർ കൂട്ടിച്ചേർത്തു.

രൂപകൽപന, നവീനാശയ മേഖലയിൽ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുന്നതിനിടയിൽ, ഗവേഷണം, ഡിസൈൻ എഞ്ചിനീയറിംഗ് എന്നിവ മുതൽ ഫാക്ടറി, പരിശോധന, പാക്കേജിംഗ് തൊഴിൽസേന വരെ നൈപുണ്യ പ്രതിഭകളെ സൃഷ്ടിക്കുന്നതിൽ ഇന്ത്യ എങ്ങനെയാണ് ഗവൺമെന്റ് മൂലധനം പ്രധാനമായും നിക്ഷേപിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. റിഡ്യൂസ്ഡ് ഇൻസ്ട്രക്ഷൻ സെറ്റ് കമ്പ്യൂട്ടർ (ആർഐഎസ്‌സി വി), മറ്റ് ഓപ്പൺ സോഴ്സ് ഇൻസ്ട്രക്ഷൻ സെറ്റ് ആർക്കിടെക്ചർ (ഐഎസ്എ) സിസ്റ്റങ്ങളുടെ ഭാവി റോഡ്മാപ്പിനെ ചുറ്റിപ്പറ്റിയുള്ള സ്വന്തം രൂപകൽപ്പനയിലും വികസന ശ്രമങ്ങളിലും ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

'സാങ്കേതികവിദ്യയിലും സംരംഭകത്വത്തിലും 3 പതിറ്റാണ്ടിലേറെ പരിചയമുള്ള ഒരാളെന്ന നിലയിൽ, ഇന്ത്യയുടെ ഈ കാലത്തെക്കുറിച്ച് എനിക്ക് ഒരിക്കലും കൂടുതൽ ആത്മവിശ്വാസം തോന്നിയിട്ടില്ല. എന്നാൽ നമ്മുടെ പ്രധാനമന്ത്രിയുടെ നേതൃത്വവും ദർശനവും ഉൾപ്പെടെയുള്ള വിവിധ ഘടകങ്ങളുടെ ഒത്തുചേരലാണ് ഈ വ്യതിയാനത്തിലേക്ക് നമ്മെ എത്തിച്ചത് പരമ്പരാഗത സാങ്കേതിക കഴിവുകൾക്കപ്പുറം വളരാനും വികസിപ്പിക്കാനുമുള്ള അവസരമാണ് അദ്ദേഹം നമുക്കായി ഒരുക്കിയിരിക്കുന്നത്'. രാജീവ് ചന്ദ്രശേഖർ പറഞ്ഞു

# വാട്ടർ ചലഞ്ച്സ്റ്റാർട്ടപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു

കൊച്ചി : ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനു സഹായിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് 2.5 കോടിയുടെ സമ്മാനം പ്രഖ്യാപിച്ചു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പ്രിൻസിപ്പൽ സയന്റിഫിക് അഡ്വൈസറുടെ ഓഫീസുമായി സഹകരിച്ച്, ദി നഡ്ജ് ഫൗണ്ടേഷനും ആശിർവാദ് പൈപ്സുമാണ് സംരംഭകരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നത്. സാമ്പത്തികമായി പിന്നോട്ടു നിൽക്കുന്നവർക്കും ഗ്രാമീണ കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണിത്. തിരഞ്ഞെടുക്കുന്ന ശുദ്ധജല പരിഹാരങ്ങൾക്കായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ ഈ പ്രോഗ്രാമിനായി 18 മാസത്തേക്ക് പ്രവർത്തിക്കണം. കൂടാതെ, സൊല്യൂഷനുകൾ വികസിപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും സ്കെയിലിംഗ് ചെയ്യുന്നതിനും നിക്ഷേപകർ, ഉപദേശകർ, സാങ്കേതികവിദ്യാവിജ്ഞാന പങ്കാളികൾ, പോളിസി സർക്കിൾ അഡ്വൈസേഴ്സ് എന്നിവരുടെ ഒരു ശൃംഖല സംരംഭകരെ പിന്തുണയ്ക്കും. സ്രോതസ് ജല ശുദ്ധീകരണം, സ്മാർട്ട്‌വിതരണം, സംഭരണവ്യവസ്ഥകൾ, സുസ്ഥിരവും ശുദ്ധവുമായ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, ജലക്ഷാമമുള്ള പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത വർധിപ്പിക്കുന്നതിന് ജലസ്രോതസ്സുകൾ റീചാർജ്ചെയ്യൽ, ഡീസലിനേഷൻ, മലിനജല സംസ്കരണം തുടങ്ങിയ പുനരുപയോഗ മാർഗങ്ങളുമായി ബന്ധപ്പെട്ട പരിഹാരങ്ങൾക്കാണ് സമ്മാനം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും ദി നഡ്ജ് വെബ്സൈറ്റ് സന്ദർശിക്കുക. s://pr-iz-e.th-enu-d-g-e.or-g/a-sh-irv-a-dw-a-ter-c-h-a-l-l-en-g-e

2024 ഓടെ ഇന്ത്യയിലെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കാൻ വിഭാവനം ചെയ്തിരിക്കുന്ന ഗവമെന്റിന്റെ ജൽ ജീവൻ മിഷന് ഈ ചലഞ്ച് ഊർജം നൽകും. ജൽ ജീവൻ മിഷനോടൊപ്പം, ഇന്ത്യയിലെ 19 കോടികുടുംബങ്ങളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള അവസരമാണ് ദി നഡ്ജ് പ്രൈസ് നൽകുന്നത്.

ശുദ്ധമായ കുടിവെള്ളം എന്നത് മൗലികാവകാശമായി കണക്കാക്കണം.വാട്ടർ മാനേജ്മെന്റ് ആശിർവാദിന്റെ ഡിഎൻഎയിലുള്ളതാണ്, അതിനാൽ ഈ സംരംഭത്തിൽ പങ്കാളിയാകുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്നു ആശിർവാദ് പൈപ്പ്സ് മാനേജിംഗ് ഡയറക്ടർ ദീപക് മെഹ്റോത്ര പറഞ്ഞു.ധീരമായ കണ്ടുപിടുത്തങ്ങൾക്ക് തുടക്കമിടാൻ കഴിയുന്ന സാമൂഹിക സംരംഭകരെ ആകർഷിക്കുന്നതിനുള്ള ഒരു പരിപാടി രൂപകൽപ്പന ചെയ്യുന്നതിൽ ആശിർവാദുമായി പങ്കാളിയാകുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. എല്ലാവർക്കും ശുദ്ധജലം എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന മികച്ച പരിഹാരങ്ങളാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്നു ദി നഡ്ജ് സെന്റർ ഫോർ സോഷ്യൽ ഇന്നൊവേഷൻ സിഇഒ സുധ ശ്രീനിവാസൻ പറഞ്ഞു.

ദേശീയ മുൻഗണനകളുടെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനായി പരിവർത്തനപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് മൾട്ടിസ്റ്റേക്ക്ഹോൾഡർ പങ്കാളിത്തം പ്രധാനമാണെന്ന് ഇന്ത്യാ ഗവൺമെന്റ് വിശ്വസിക്കുന്നു. ദി നഡ്ജ് സമ്മാനത്തിലൂടെ, ആശീർവാദ് വാട്ടർ ചലഞ്ച് സുസ്ഥിരമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും തടസ്സങ്ങൾ കുറയ്ക്കുന്നതിനും പുനരുപയോഗം ആസൂത്രണം ചെയ്യുന്നതിനുമൊപ്പം ജലസുരക്ഷയ്ക്കായി സ്കെയിലബിൾ പരിഹാരങ്ങൾ കണ്ടെത്തുന്നതിൽ സർക്കാർ, അക്കാദമിക്, വ്യവസായം, ഇന്നവേറ്റർമാർ എന്നിവരുടെ സംയോജിത ശ്രമങ്ങൾ ഉറപ്പാക്കുന്നുവെന്ന് ഇന്ത്യാ ഗവൺമെന്റിന്റെ പ്രിൻസിപ്പൽ സയന്റിഫിക് അഡ്വൈസർ കെ. വിജയ് രാഘവൻ പറഞ്ഞു.

NAUTICAL TIMES KERALA Thiruvananthapuram RNI.Reg,No. KERBIL/2018/77391 2022 MARCH 3 THURSDAY



# യുക്രെയിനിൽനിന്ന് 53 മലയാളി വിദ്യാർഥികൾകൂടി തിരിച്ചെത്തി; കേരളത്തിലേക്ക് ഇന്ന് എത്തിയത് 41 പേർ

യുക്രെയിനിൽനിന്ന് 53 മലയാളി വിദ്യാർഥികൾകൂടി രാജ്യത്തേക്കു മടങ്ങിയെത്തി. ന്യൂഡൽഹി വിമാനത്താവളം വഴി 47 പേരും മുംബൈ വിമാനത്താവളം വഴി ആറു പേരുമാണ് ഇന്ന്(01 മാർച്ച്) എത്തിയത്. ഇതോടെ 'ഓപ്പറേഷൻ ഗംഗ' രക്ഷാദൗത്യം വഴി രാജ്യത്തു മടങ്ങിയെത്തിയ മലയാളി വിദ്യാർഥികളുടെ ആകെ എണ്ണം 184 ആയി.

ബുക്കാറസ്റ്റിൽനിന്നും ബുഡാപെസ്റ്റിൽനിന്നുമുള്ള രണ്ട് ഇൻഡിഗോ വിമാനങ്ങളിലാണ് 47 മലയാളി വിദ്യാർഥികൾ ഇന്ന്(മാർച്ച് 01) ഉച്ചയ്ക്കു ന്യൂഡൽഹിയിൽ എത്തിയത്. ഇതിൽ 11 പേരെ കണ്ണൂർ വിമാനത്താവളം വഴിയും 20 പേരെ കൊച്ചി വിമാനത്താവളം വഴിയും 16 പേരെ തിരുവനന്തപുരം വിമാനത്താവളം വഴിയും ഇന്നുതന്നെ നാട്ടിലെത്തിക്കും. രക്ഷാദൗത്യത്തിന്റെ ആദ്യ ദിനമായ ഫെബ്രുവരി 27ന് 57ഉം രണ്ടാം ദിവസം 48ഉം മലയാളി വിദ്യാർഥികൾ ന്യൂഡൽഹിയിൽ എത്തിയിരുന്നു. ബുക്കാറെസ്റ്റിൽന്നുള്ള എയർഇന്ത്യാ വിമാനം ഇന്ന് രാത്രി 9.20ന് ഡൽഹിയിൽ എത്തുന്നുണ്ട്. ഈ വിമാനത്തിലും മലയാളി വിദ്യാർഥികൾ ഉണ്ട്. ഡൽഹി വിമാനത്താവളം വഴി ഇതുവരെ 152 മലയാളി വിദ്യാർഥികൾ മടങ്ങിയെത്തിയിട്ടുണ്ട്.

ഡൽഹിയിലെത്തുന്ന വിദ്യാർഥികളെ വിമാന ടിക്കറ്റ് ലഭ്യതയനുസരിച്ചു കേരളത്തിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ഇന്നലെ(ഫെബ്രുവരി 28) വൈകിട്ട് ന്യൂഡൽഹിയിൽ എത്തിയ 36 വിദ്യാർഥികൾക്കു കേരള ഹൗസിൽ വിശ്രമമൊരുക്കിയശേഷം ഇന്നു നാട്ടിലെത്തിച്ചു. 25 പേർ രാവിലെ 5.35നുള്ള വിസ്താര ഫ്ളൈറ്റിൽ കൊച്ചിയിലും 11 പേർ 8.45നുള്ള വിസ്താര ഫ്ളൈറ്റിൽ തിരുവനന്തപുരത്തും എത്തി.

മുംബൈ വിമാനത്താവളം വഴി ഇതുവരെ 32 പേർ മടങ്ങിയെത്തി. ഇന്നു രാവിലെ 7.30ന് ബുക്കാറെസ്റ്റിൽനിന്നു മുംബൈ വിമാനത്താവളത്തിലെത്തിയ എയർഇന്ത്യാ എക്സ്പ്രസ് വിമാനത്തിലാണ് ആറു മലയാളി വിദ്യാർഥികൾ എത്തിയത്. ഇവരിൽ മൂന്നു പേരെ തിരുവനന്തപുരത്തേക്കുള്ള ഇൻഡിഗോ വിമാനത്തിലും രണ്ടു പേരെ കൊച്ചിയിലെക്കുള്ള ഇൻഡിഗോ വിമാനത്തിലും നാട്ടിൽ എത്തിച്ചു. ഒരാൾ മുംബൈയിൽ സ്ഥിരതാമസമാക്കിയ മലയാളി വിദ്യാർഥിയാണ്. ഫെബ്രുവരി 27ന് 26 വിദ്യാർഥികൾ മുംബൈ വഴി മടങ്ങിയെത്തിയിരുന്നു.

ന്യൂഡൽഹിയിലും മുംബൈയിലുമെത്തുന്ന മലയാളി വിദ്യാർഥികൾ കേരളത്തിൽ അവരുടെ വീടുകളിൽ എത്തുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു സംസ്ഥാന സർക്കാരിന്റെ ഉദ്യോഗസ്ഥ സംഘം ഇരു വിമാനത്താവളങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ഇതുവരെ 135 വിദ്യാർഥികൾ കേരളത്തിൽ എത്തിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിലായി 41 പേർ ഇന്നു(മാർച്ച് 01)മാത്രം എത്തിയവരാണ്. ഓരോരുത്തരുടേയും സ്വദേശത്തോട് ഏറ്റവും അടുത്തുള്ള വിമാനത്താവളത്തിലേക്കുള്ള ടിക്കറ്റ് ലഭ്യതയനുസരിച്ചാണു നാട്ടിലേക്ക് അയക്കുന്നത്. മുംബൈയിൽനിന്നും ഡൽഹിയിൽനിന്നും നാട്ടിൽ എത്തുന്നതുവരെയുള്ള ടിക്കറ്റ് ചെലവ് സംസ്ഥാന സർക്കാരാണു വഹിക്കുന്നത്.

ന്യൂഡൽഹി വിമാനത്താവളത്തിൽ കേരള ഹൗസിലെ ലെയ്സൺ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രത്യേക കൺട്രോൾ റൂം തുറന്നാണു പ്രവർത്തനം. മുംബൈ വിമാനത്താവളത്തിൽ മുംബൈ കേരള ഹൗസിലെ നോർക്ക വിഭാഗത്തിന്റെ നേതൃത്വത്തിലാണു പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കേരളത്തിലെത്തുന്ന വിദ്യാർഥികളുടെ യാത്രയടക്കമുള്ള കാര്യങ്ങൾക്കു മേൽനോട്ടം വഹിക്കുന്നതിനായി നോർക്ക റൂട്ട്സിലെ ഉദ്യോഗസ്ഥരേയും വിന്യസിച്ചിട്ടുണ്ട്. ഇതിനു പുറമേ യുക്രെയിനുള്ള വിദ്യാർഥികൾക്കും നാട്ടിലുള്ള അവരുടെ രക്ഷകർത്താക്കൾക്കും ബന്ധപ്പെടുന്നതിനായി നോർക്ക റൂട്ട്സിന്റെ 24 മണിക്കൂർ കൺട്രോൾ റൂമും പ്രവർത്തിക്കുന്നുണ്ട്. 1800425 3939 എന്ന ടോൾഫ്രീ നമ്പറിൽ സഹായം ലഭ്യമാകും.



കേരളത്തിലെ ഭക്ഷ്യ – പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു മനസിലാക്കുന്നതിനായി എത്തിയ പുതുച്ചേരി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി എ.കെ. സായ് ജെ. ശരവണൻകുമാർ സംസ്ഥാന ഭക്ഷ്യ – പൊതുവിതരണ മന്ത്രി ജി.ആർ. അനിലുമായി ചർച്ച നടത്തുന്നു.

# ഭക്ഷ്യ വകുപ്പുമന്ത്രി ജി.ആർ. അനിലുമായി പുതുച്ചേരി ഭക്ഷ്യ മന്ത്രി ചർച്ച നടത്തി

കേരളത്തിലെ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെത്തിയ പുതുച്ചേരി ഭക്ഷ്യ-പൊതുവിതരണ വകുപ്പു മന്ത്രി എ.കെ. സായ് ജെ. ശരവണൻകുമാർ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ജി.ആർ. അനിലുമായി കൂടിക്കാഴ്ച നടത്തി. സെക്രട്ടേറിയറ്റിലെ ഓഫീസിൽ വച്ചായിരുന്നു കൂടുക്കാഴ്ച. കേരളത്തിലെ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ മന്ത്രി ചോദിച്ചറിയുകയും അവ നടപ്പിലാക്കിയ രീതികളെ സംബന്ധിച്ചു മനസിലാക്കുകയും ചെയ്തു. കേരളത്തിലെ ഭക്ഷ്യ-പൊതുവിതരണ സംവിധാനം രാജ്യത്തിനു തന്നെ മാതൃകയാണെന്നും അവയെക്കുറിച്ച് കൂടുതൽ അറിയാൻ താല്പര്യമുണ്ടെന്നും പുതുച്ചേരി മന്ത്രി ചർച്ചയ്ക്കിടെ വ്യക്തമാക്കി.

കേരളത്തിലെ റേഷൻ കാർഡുകളിലെ എ.പി.എൽ, ബി.പി.എൽ, എ.എ.വൈ, പി.എച്ച്.എച്ച് എന്നിവയെക്കുറിച്ചും ഒരോന്നിന്റേയും സെലക്ഷൻ മാനദണ്ഡങ്ങളെക്കുറിച്ചും അദ്ദേഹം വിശദമായി ചോദിച്ചറിഞ്ഞു. ഭക്ഷ്യധാന്യങ്ങളുടെ ദുരപയോഗം, ഗുണനിലവാരം ഉറപ്പുവരുത്തൽ എന്നിവയെ സംബന്ധിച്ച് ചർച്ച ചെയ്തു.

കേരളത്തിലെ പൊതുവിതരണ രംഗത്തെ മെച്ചപ്പെട്ട പ്രവർത്തനങ്ങളിൽ പുതുചേരി മന്ത്രി മതിപ്പു രേഖപ്പെടുത്തി. സെക്രട്ടേറിയറ്റിലെത്തിയ അദ്ദേഹത്തെ മന്ത്രി ജി.ആർ അനിലിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. സിവിൽ സപ്ലൈസ് ഡയറക്ടർ ഡി. സജിത് ബാബു, വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നവരും മന്ത്രിക്കൊപ്പം ചർച്ചയിൽ പങ്കെടുത്തു.

## റാങ്ക് പട്ടിക റദ്ദാക്കി

കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് (തമിഴ് മീഡിയം) തസ്തികയുടെ (കാറ്റഗറി നമ്പർ 050/16) റാങ്ക് പട്ടിക റദ്ദാക്കിയതായി പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

## ലേലം

ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ 45 അക്വേഷ്യ മരങ്ങൾ മുറിച്ചുമാറ്റി ഏറ്റെടുക്കുന്നതിനുള്ള ലേലം മാർച്ച് എട്ടിന് ഉച്ചയ്ക്ക് രണ്ട് മണിക്ക് നടത്തും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0474 2593260.

## ദർഘാസ് ക്ഷണിച്ചു

പുനലൂർ താലൂക്ക് ആശുപത്രിയിലേക്ക് ഏപ്രിൽ ഒന്നു മുതൽ ഒരുവർഷത്തേക്ക് സ്കാനിംഗ് / ലാബ് ടെസ്റ്റുകൾ നടത്തുന്നതിന് ദർഘാസ് ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 16 വൈകിട്ട് മൂന്ന് മണിയ്ക്കകം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0475 2228702

## ഒന്നാം വർഷ ഹയർസെക്കൻഡറി ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററിപരീക്ഷാഫലം

2022 ജനുവരിയിൽ നടന്ന ഒന്നാം വർഷ ഹയർ സെക്കൻഡറി ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി പരീക്ഷയുടെ ഫലം www.d-h-se-k-er-a-l-a.gov.in/, www.k-er-a-l-ar-e-su-l-ts.n-i-c.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ പുനർനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും പകർപ്പ് ലഭിക്കുന്നതിനും നിശ്ചിത ഫോമിലുള്ള അപേക്ഷകൾ, നിർദ്ദിഷ്ട ഫീസ് സഹിതം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പലിന് മാർച്ച് നാലിനകം സമർപ്പിക്കണം.

പുനർമൂല്യനിർണയത്തിന് ഒരു പേപ്പറിന് 500 രൂപയായിരിക്കും ഫീസ്. ഉത്തരകടലാസുകളുടെ പകർപ്പിന് 300 രൂപ, സൂക്ഷ്മ പരിശോധനയ്ക്ക് 100 രൂപ. യാതൊരു കാരണവശാലും അപേക്ഷകൾ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. അപേക്ഷാഫോം സ്കൂളുകളിലും ഹയർ സെക്കൻഡറി പോർട്ടലിലും ലഭ്യമാണ്. സ്കൂളുകളിൽ ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷകൾ ശളഃമാലെ ൽ മാർച്ച് അഞ്ചിന് വൈകിട്ട് 5 നകം പ്രിൻസിപ്പൽമാർ അപ്ലോഡ് ചെയ്യണം.

# തൊഴിലാളി ശ്രേഷ്ഠ അവാർഡ്: തൊഴിൽ വകുപ്പ് അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ വിവിധ മേഖലകളിൽപെട്ട മികച്ച തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള തൊഴിലാളി ശ്രേഷ്ഠ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു.

സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ തൊഴിലാളികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഏറ്റവും മികച്ച തൊഴിലാളികൾക്കാണ് കേരള സർക്കാർ തൊഴിലാളിശ്രേഷ്ഠ അവാർഡ് നൽകുന്നത്. സെക്യൂരിറ്റി ഗാർഡ്, ചുമട്ടു തൊഴിലാളി, നിർമ്മാണ തൊഴിലാളി, ചെത്ത് തൊഴിലാളി, മരംകയറ്റ തൊഴിലാളി, തയ്യൽ തൊഴിലാളി, കയർ തൊഴിലാളി, കശുവണ്ടി തൊഴിലാളി, മോട്ടോർ തൊഴിലാളി, തോട്ടം തൊഴിലാളി, സെയിൽസ്മാൻ / സെയിൽസ്വുമൺ, നഴ്സ്, ഗാർഹിക തൊഴിലാളി, ടെക്സ്റ്റൈൽ മിൽ തൊഴിലാളി, കരകൗശല, വൈദഗ്ദ്ധ്യപാരമ്പര്യ തൊഴിലാളി, മാനുഫാക്ചറിംഗ്പ്രോസസ്സിംഗ് മേഖലയിലെ തൊഴിലാളി, മത്സ്യത്തൊഴിലാളി (മത്സ്യബന്ധന, വില്പന തൊഴിലാളികൾ) എന്നീ 17 മേഖലകളിൽ നിന്നുള്ളവർക്ക് അപേക്ഷിക്കാം. ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ മികച്ച തൊഴിലാളിക്ക് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും വീതം നൽകും.

ഈമാസം 7 വരെ തൊഴിലാളികൾക്ക് ലേബർ കമ്മീഷണറുടെ പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷ നൽകാം. തൊഴിലിലെ അറിവും നൈപുണ്യവും, അച്ചടക്കം, കൃത്യനിഷ്ഠ, സഹപ്രവർത്തകരോടും ഉപഭോക്താക്കളോടുമുള്ള പെരുമാറ്റം, ശുചിത്വബോധം തുടങ്ങിയ പതിനൊന്ന് മാനദണ്ഡങ്ങളാണ് ശ്രേഷ്ഠ തൊഴിലാളിയെ കണ്ടെത്തുന്നതിന് ആസ്പദമാക്കിയിട്ടുള്ളത്.

കൂടുതൽ വിവരങ്ങൾക്കും എൻട്രികൾ സമർപ്പിക്കുന്നതിനും ഹര.സലൃമഹമ.ഴീ.ശി പോർട്ടലിൽ തൊഴിലാളി ശ്രേഷ്ഠ എന്ന ലിങ്ക് സന്ദർശിക്കുക.

## പെൻഷൻ രേഖകൾ കൈമാറി

വിരമിക്കുന്ന ദിവസം തന്നെ പെൻഷൻ അനുവദിക്കുന്ന പദ്ധതിയായ പ്രയാസ് സ്കീം പ്രകാരം കൽത്തുരുത്തി വെൻചർ എസ്റ്റേറ്റ് തൊഴിലാളിയായ രാജൻ, മങ്ങാട് സായി എക്സ്പോർട്സിലെ തുളസീധരൻ എന്നിവർക്ക് കൊല്ലം പി.എഫ് ഓഫീസിൽ ഇ.പി.എഫ്.ഒ കൊല്ലം അസിസ്റ്റന്റ് പി.എഫ് കമ്മീഷണർ കെ. ജി വിനോദ് പെൻഷൻ രേഖകൾ കൈമാറി.

# സ്വകാര്യ ബസ് ജീവനക്കാരുടെ ലൈസൻസും ബസിന്റെ പെർമിറ്റും റദ്ദ് ചെയ്യണം: ബാലാവകാശ കമ്മീഷൻ

കേരളത്തിലെ സ്വകാര്യ സ്റ്റേജ് കാര്യേജ് ബസ് ജീവനക്കാർ കുട്ടികളോട് അപമര്യാദയായും വിവേചനപരമായും പെരുമാറിയാൽ ജീവനക്കാരുടെ ലൈസൻസും ബസിന്റെ പെർമിറ്റും റദ്ദ് ചെയ്യണമെന്ന് ബാലാവകാശ കമ്മീഷൻ ഉത്തരവായി. ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്താൽ ട്രാൻസ്പോർട്ട് കമ്മീഷണറും സംസ്ഥാന പോലീസ് മേധാവിയും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കണമെന്നും ബാലാവകാശ കമ്മീഷൻ അംഗം റെനി ആന്റണി പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശം നൽകി.

സ്വകാര്യ ബസുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം നിഷേധിക്കുന്നതും സീറ്റ് ഒഴിഞ്ഞു കിടന്നാലും കുട്ടികളെ ഇരിക്കാൻ അനുവദിക്കാത്തതും കമ്മീഷൻ ഗൗരവമായാണ് കാണുന്നത്. വിദ്യാർഥികൾ കൈ കാണിച്ചാൽ നിർത്താതെ പോകുന്നതും സീറ്റിൽ ഇരുന്നുള്ള യാത്ര നിഷേധിക്കുന്നതും കുട്ടികളോടുള്ള കടുത്ത വിവേചനവും കുട്ടികൾക്കായുള്ള ദേശീയവും അന്തർദേശീയവുമായ അവകാശ നിയമങ്ങളുടെ ലംഘനവുമാണെന്ന് വിലയിരുത്തിയ കമ്മീഷൻ ഇത്തരം സംഭവങ്ങളുണ്ടായാൽ കർശന നടപടി സ്വീകരിക്കാനും ട്രാൻസ്പോർട്ട് കമ്മീഷണറോട് നിർദ്ദേശിച്ചു.

കുട്ടികൾക്ക് സ്കൂളിലെത്താനുള്ള ബസ്, സ്റ്റോപ്പിൽ നിർത്താതെ പോകുന്നു. ബസിൽ കയറിയാൽ ബസ് ജീവനക്കാർ കുട്ടികളോട് അപമര്യാദയായി പെരുമാറുന്നു. കുട്ടികൾക്ക് പരീക്ഷകൾക്ക് സമയത്തിന് എത്താൻ കഴിയുന്നില്ല തുടങ്ങിയ പരാതികളുന്നയിച്ച് ഇടുക്കിയിലെ റ്റോം ജോസഫ് ബാലാവകാശ കമ്മീഷന് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് ഉത്തരവ്.

## ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സിറ്റിംഗ്

കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ മാർച്ച് എട്ട്, 15, 22 തീയതികളിൽ പുനലൂരും മറ്റ് പ്രവൃത്തി ദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകളും എംപ്ലോയീസ് ഇൻഷുറൻസ്, എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ നടത്തും.

# ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രഥമ വനിതാ ഡയറക്ടറായി ഡോ. പി. എസ്. ശ്രീകല ചുമതലയേറ്റു

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഥമ വനിതാ ഡയറക്ടറായി ഡോ. പി. എസ്. ശ്രീകല ചുമതലയേറ്റു. സാക്ഷരതാ മിഷൻ മുൻ ഡയറക്ടറും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ മലയാളം വിഭാഗം അസോസിയേറ്റ് പ്രൊഫസറുമാണ് ഡോ. പി. എസ്. ശ്രീകല. കേരള സർവകലാശാല സിൻഡിക്കേറ്റിലും കേരള സാഹിത്യ അക്കാദമി നിർവാഹക സമിതിയിലും അംഗമായിരുന്നു.

കേരള സ്ത്രീ പഠനകേന്ദ്രം ഡയറക്ടർ, വനിതാ സാഹിതി സംസ്ഥാന സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചു. ഇ. എം. എസിന്റെ ഭാഷാ സാഹിത്യ സംഭാവനകളെ ആസ്പദമാക്കിയുള്ള പഠനത്തിൽ യു. ജി. സി ഫെല്ലോഷിപ്പോടെ പി. എച്ച്. ഡി നേടി. സംസ്കൃതത്തിലെയും ദ്രാവിഡഭാഷകളിലെയും സ്ത്രീസൂചകങ്ങൾ സംബന്ധിക്കുന്ന പഠനത്തിൽ യു. ജി. സിയുടെ മേജർ റിസർച്ച് പ്രൊജക്ട് പൂർത്തിയാക്കി.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച കേരളത്തിലെ വിദ്യാഭ്യാസം പശ്ചാത്തലവും പരിവർത്തനവും, നവ നവോത്ഥാനത്തിന്റെ ഭാവുകത്വ പരിസരം എന്നിവയും വിശ്വസാഹിത്യത്തിലെ സ്ത്രീപ്രതിഭകൾ, ഇ. എം. എസ് ഭാഷ സാഹിത്യം, ഫെമിനിസത്തിന്റെ കേരള ചരിത്രം, നിലവറകൾ തുറക്കുമ്പോൾ (എഡിറ്റർ), ഇ. എം. എസിന്റെ കഥ (ബാലസാഹിത്യം), മാൽപ്രാക്ടീസ് (കഥാസമാഹാരം) തുടങ്ങിയ ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. തിരുവനന്തപുരം വഞ്ചിയൂർ സ്വദേശിനിയാണ്. ഭർത്താവ് തിരുവനന്തപുരം നഗരസഭ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻ ചെയർമാൻ വഞ്ചിയൂർ പി. ബാബു. ഏക മകൾ തിരുവനന്തപുരം നഗരസഭ കൗൺസിലർ ഗായത്രി ബാബു.

# ഭക്ഷണമില്ല! ആറു ദിവസമായി ബങ്കറിൽ, തിങ്ങിനിറഞ്ഞ് 600 പേർ

കൊച്ചി: 'ഇന്നു വൈകുന്നേരം വരെ കഴിക്കാനുള്ള ബിസ്കറ്റും വെള്ളവും മാത്രമേ ഞങ്ങളുടെ കൈവശമുള്ളൂ. ഹോസ്റ്റൽ അടുത്താണെങ്കിലും പുറത്തിറങ്ങാൻ പറ്റുന്നില്ല. ഞങ്ങൾ കഴിയുന്ന ബങ്കറിനു പുറത്തു ബോംബും മിസൈലുകളും വീഴുന്ന ശബ്ദം കേൾക്കാം.

ഇപ്പോൾ ഒരു സൈറൺ മുഴങ്ങുകയുണ്ടായി. മൊബൈൽ ഫോണുകൾ ഓഫ് ചെയ്തു വയ്ക്കാനാണ് യുക്രെയ്ൻ സൈന്യത്തിൻറെ നിർദേശം. ലൊക്കേഷൻ പുറത്തു പോകാതിരിക്കാനാണിത്. ഫോട്ടോകളും വീഡിയോകളും എടുക്കരുത്.

വീട്ടുകാരുമായി ബന്ധപ്പെടാൻ മാത്രം ഫോൺ ഉപയോഗിച്ചാൽ മതിയെന്നാണ് യുക്രെയ്ൻ സൈന്യം ഇപ്പോൾ അറിയിച്ചിരിക്കുന്നത്. ഭയാനകമായ അവസ്ഥയാണിവിടെ' ഖാർകീവിലെ അണ്ടർ മെട്രോ പെരിമോഹ സ്റ്റേഷനിലെ ബങ്കറിനുള്ളിലിരുന്നു ദുരിതം വിവരിക്കുകയാണ് എറണാകുളം പള്ളുരുത്തി സ്വദേശിനിയായ വി.എൻ. സുറുമി.

പള്ളുരുത്തി കളത്തിപ്പറമ്പിൽ നസീർ സ്മിത ദമ്പതികളുടെ ഏക മകളായ സുറുമി 2021 ഡിസംബറിലാണ് യുക്രെയ്നിൽ മെഡിസിൻ പഠിക്കാനായി ചേർന്നത്. ഖാർക്കീവ് ഇൻറർനാഷണൽ യൂണിവേഴ്സിറ്റിയിലെ ഒന്നാം വർഷ എംബിബിഎസ് വിദ്യാർഥിനിയാണ് സുറുമി. കാമ്പസിനു പുറത്തുള്ള യൂണിവേഴ്സിറ്റിയുടെ ഹോസ്റ്റലിലായിരുന്നു താമസിച്ചിരുന്നത്.

ആറു ദിവസം മുമ്പ് യുദ്ധം തുടങ്ങിയപ്പോൾ സുരക്ഷിത സ്ഥലമെന്ന രീതിയിൽ അടുത്ത മെട്രോയുടെ ബങ്കറിലേക്കു വിദ്യാർഥികൾ മാറാനായി യൂണിവേഴ്സിറ്റി അധികൃതരാണ് മുന്നറിയിപ്പ് നൽകിയത്. അതനുസരിച്ചു സുറുമിയും യൂണിവേഴ്സിറ്റിയിലെ 15ഓളം പേർ വരുന്ന മലയാളി വിദ്യാർഥികളും മെട്രോ പെരിമോഹയിലെ ബങ്കറിനുള്ളിലേക്കു മാറി.

ഇന്ത്യക്കാരും യുക്രെയ്ൻകാരുമുൾപ്പെടെ 600ഓളം പേരാണ് ഈ ബങ്കറിനുള്ളിൽ തിങ്ങിക്കഴിയുന്നത്. ബങ്കറിനുള്ളിൽ വന്ന ആദ്യ ദിനങ്ങളിൽ രണ്ടു ദിവസം രാവിലെ 11നും 12നുമിടയിൽ ഹോസ്റ്റലിൽ പോയി ഫ്രഷ് ആകാനും ഭക്ഷണം തയാറാക്കിക്കൊണ്ടുവരാനുമൊക്കെ അനുമതി കിട്ടിയിരുന്നു.

എന്നാൽ കഴിഞ്ഞ ഞായറാഴ്ച മുതൽ സ്ഥിതിഗതികൾ അതീവ രൂക്ഷമാണെന്നു സുറുമി പറയുന്നു. 'ഇന്ത്യൻ എംബസിയിൽനിന്നും യുക്രെയ്ൻ സൈന്യത്തിൽനിന്നും ബങ്കർ വിട്ടു പുറത്തിറങ്ങരുതെന്ന സന്ദേശമാണ് ലഭിച്ചിരിക്കുന്നത്. രണ്ടു ദിവസമായി ഇവിടെ യുദ്ധം ശക്തമാണ്.

രണ്ടു ദിവസം മുമ്പ് ബങ്കറിനു പിറകുവശത്തെ വാതിലിലൂടെ ഭക്ഷണം വാങ്ങാനായി സൂപ്പർ മാർക്കറ്റിൽ പോകാൻ യുക്രെയ്ൻ സൈന്യം ഞങ്ങളെ അനുവദിച്ചു. അവിടെയൊന്നും ഭക്ഷണ സാധനങ്ങൾ കിട്ടാനില്ല. കുറച്ചും ബിസ്ക്കറ്റും മിഠായിയും വെള്ളവും മാത്രമാണ് കിട്ടിയത്.

അത് ഇന്നു വൈകുന്നേരത്തോടെ തീരും. എടിഎമ്മിൽ പണമില്ല. ഇടയ്ക്കു നെറ്റ് കട്ടാകും. വൈദ്യുതി തടസവുമുണ്ട്. മൊബൈലിൻറെ ടോർച്ച് ഓണാക്കി വയ്ക്കും. ഈ ബങ്കറിൽ 300ഓളം ഇന്ത്യക്കാരാണ് ഉള്ളത്. ഇന്ത്യക്കാരിൽ കൂടുതലും വിദ്യാർഥികളാണ്. സ്വദേശികൾ തങ്ങളുടെ വളർത്തു നായകളെയും കൂടെ കൂട്ടിയിട്ടുണ്ട്.

ബാത്ത് റൂമിൽ പോകാനും ഫോൺ ചാർജ് ചെയ്യാനുമൊക്കെ ഏറെ നേരം കാത്തിരിക്കണം. എല്ലായിടത്തും നീണ്ട ക്യൂ ആണ്. ശനിയാഴ്ച ബങ്കറിനടുത്ത് ആദ്യ ബോംബ് വീണപ്പോൾ ഭയന്നു പോയി. ഇതു കൂടാതെ ഇവിടെ നല്ല തണുപ്പാണ്.

കഴിഞ്ഞ ദിവസം ബങ്കറിൽനിന്നു പത്തു മിനിറ്റ് ദൂരമുള്ള ഹോസ്റ്റലിൽ പോയി ഞങ്ങൾ മടങ്ങും വഴി സമീപത്തെ രണ്ടു ഫ്ളാറ്റുകളിൽ മിസൈൽ വീണു മുകൾ നില കത്തുന്നതു കണ്ടു. ഹോസ്റ്റലിലേക്കു പോയ ചില കുട്ടികൾക്കു തിരികെ ബങ്കറിലേക്ക് എത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അവർ ഹോസ്റ്റലിൻറെ താഴത്തെ നിലയിൽ നിൽക്കുകയാണ് സുറുമി പറയുന്നു.

കഴിഞ്ഞ ദിവസങ്ങളിലൊക്കെ സ്വന്തമായി റൊമാനിയയിലേക്കും പോളണ്ടിലേക്കുമൊക്കെ കുട്ടികൾ നടന്നു പോയിരുന്നു. അത്തരം സാഹചര്യം ഒഴിവാക്കണമെന്നാണ് യൂണിവേഴ്സിറ്റിയും ഇന്ത്യൻ എംബസിയും നിർദേശിച്ചിരിക്കുന്നത്.

മലയാളി വിദ്യാർഥികൾ ഉൾപ്പെടെ കുറച്ചുപേർ ഏഴു മണിക്കൂർ നടന്നു പോളണ്ടിലെ പെട്രോൾ പമ്പിനു സമീപം എത്തിയിരുന്നു. അവരെക്കുറിച്ച് ഒരു വിവരവും ഇപ്പോൾ ലഭിക്കുന്നില്ല. അതിർത്തി പ്രദേശങ്ങളിലേക്കു നടന്നു പോകുന്ന പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും നേരേ ആക്രമണവും ഉണ്ടാകുന്നുണ്ട്.

വടക്കൻ പ്രദേശത്തുള്ളവർ സുരക്ഷിത സ്ഥലമായ ബങ്കറിൽത്തന്നെ ഇരിക്കാനാണ് ഇന്ത്യൻ എംബസി അറിയിച്ചിരിക്കുന്നത്. ഞങ്ങൾക്കു രക്ഷപ്പെടാനുള്ള ഏറ്റവും അടുത്ത പ്രദേശം അതിർത്തിയായ റഷ്യയാണ്. പോളണ്ട്, റുമേനിയ എന്നിവിടങ്ങളിലേക്കു പോകണമെങ്കിൽ റോഡുമാർഗം 12 മണിക്കൂർ സഞ്ചരിക്കണം.

അതു വളരെയധികം റിസ്കാണ്. റഷ്യയിൽനിന്ന് അനുമതി കിട്ടിയാലെ ഇവിടെനിന്നു രക്ഷപ്പെടാനാവൂ. ഇന്ത്യൻ എംബസി ഇതിനായി ഞങ്ങളെ സഹായിക്കണമെന്നാണ് ഞങ്ങളുടെ അപേക്ഷ' സുറുമി പറയുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.